# മിഴി

എഡിറ്റർ :ഡോ ബെന്നിച്ചൻ സ്കറിയ



മിഴി തുറന്നു പിടിച്ച ഒരു യുവതയുടെ കാലത്തോടുള്ള
കലഹങ്ങളാണ് ഇതിലെ കവിതകൾ.
ഇതിലെ ഓരോ കവിത വായിക്കുമ്പോഴും വായനക്കാരന്
ബോധ്യമാകുന്ന ഒരു കാര്യമുണ്ട്.
കവിതയിലൂടെ ഓരോ കവിയും അസന്ദിഗ്ദ്ധമായി
നടത്തുന്ന പ്രസ്താവനയാണത്,

കവർ ഡിസൈൻ: റ്റോബിൻ കെ.ജെ.

ABPL Publications

9 788193 793954

# മിഴി

## കവിതാസമാഹാരം



അനിറ്റ കുര്യൻ , റോസ്മോൾ തോമസ്,
ഷീജ മധു , ജീഷ്മ ജെ.

# മിഴി

(കവിതകൾ)

എഡിറ്റർ
**ഡോ. ബെന്നിച്ചൻ സ്കറിയ**

*പാവനാത്മ കോളേജിനു വേണ്ടി,*

എ.ബി.പി.എൽ. പബ്ലിക്കേഷൻസ്
വില 100/

(Malayalam )
Mizhi
Poems
Edited By
Dr. Bennichen Scaria

Cover Design : Tobin K. James
First Published : February 2020
Type Setting : Divya Mathew
Price: Rs. 100
*No part of this publication may be reproduced or transmitted in any form or by any means without prior written permission of the publisher.*

ISBN: 978-81-937939-5-4
Publishers

For Pavanatma College,

ABPL Publications
www.abplpublications.co.in

# മിഴി

# അവതാരിക

വാക്യം രസാത്മകം കാവ്യം

എന്നാണല്ലോ കവിതയെ പറ്റി വിശ്വനാഥകവി പറഞ്ഞിരിക്കുന്നത്. എന്നാൽ നിർവ്വചനങ്ങൾക്കതീതമായ ജൈവികതയിലേയ്ക്ക് കവിതയുടെ രൂപം വികസിക്കുന്ന സവിശേഷതയാണ് ഇന്നിന്റെ പ്രത്യേകത.വൃത്തത്തിന്റെ വാക്കുകൾക്കുള്ളിൽ തട്ടി ഒതുങ്ങാതെ ആകാശത്തിന്റെ അനന്തതയിലേയ്ക്കും ആഴിയുടെ ആഴങ്ങളിലേയ്ക്കും കവിത വളർന്നുകൊണ്ടിരിക്കുകയാണ്.ഇവിടെ ജൈവഭാഷയും കാവ്യഭാഷയും ഒന്നായി മാറിക്കൊണ്ടിരിക്കുന്നു. തെളിമയുള്ള ഗദ്യത്തിന്റെ സുതാര്യത കവിത എടുത്തണിഞ്ഞിരിക്കുന്നു. ആലങ്കാരികതയുടെ ഉടയാടകൾ ഉപേക്ഷിച്ച് കവിത ഇതാ നമുക്ക് മുന്നിൽ. തന്റെ പാണ്ഡിത്യം ഔചിത്യമില്ലാതെ വാരിവിതറുന്ന യാന്ത്രികത കവിക്കും കവിതയ്ക്കും ഭൂഷണമല്ല.ശക്തമായ വികാരങ്ങളുടെ സ്വാഭാവികമായ ഒഴുക്കാണ് കവിത എന്ന് പറഞ്ഞത് വേഡ്സ്വർത്താണല്ലോ.കാലം കലുഷിതമാകുമ്പോൾ കവിത കണ്ണീരുപോലെയാവണം. കവി പ്രഭാവർമ്മയുടെ വാക്കുകളിൽ പ്രസ്താവിച്ചാൽ കവിത കണ്ണീരുപോലെ ഒന്നാണ്. വിളിച്ചാൽ വരാത്തതും വന്നാൽ തടയാനാവാത്തതുമായ കണ്ണുനീരുപോലെ ഒന്ന്. കണ്ണുനീരിന്റെ വിശുദ്ധിയുണ്ടതിന് .

കണ്ണുനീരുകൊണ്ട് കാലത്തെ കഴുകിയെടുക്കുകയാണ് കവിത. കാലത്തെ ജ്ഞാനസ്നാനപ്പെടുത്തുകയാണ് കവി.

വേടൻ അമ്പുരയ്ക്കുന്നത്

എന്റെ ഹൃദയത്തിൽ തന്നെയാണ്

എന്നിട്ടും മുനയുടെ മൂർച്ച

എന്റെ കവിതയ്ക്കില്ല

ഈ വെളിപാട് ബാലചന്ദ്രൻ ചുള്ളിക്കാടിന് മാത്രമല്ല,കാലത്തിന്റെ ഗതി ഗൗരവത്തോടെ വീക്ഷിക്കുന്ന ഏതൊരു കവിയുടെയും ആത്മനൊമ്പരമാണ്. പക്ഷെ ഈ കെട്ടകാലത്ത് കവിതയല്ലാതെ മറ്റെന്ത്

മറുപടിയാണ് നൽകുവാനുള്ളത്. ആത്മഹത്യാക്കുറിപ്പുകൾ പോലും ഉഗ്രമൂർച്ചയുള്ള കവിതകളായി പരിണമിക്കുന്ന കാലമാണിത്.(രോഹിത് വെമുല)

ഇവിടെയുണ്ടല്ലോ പുതിയ വാക്കുകൾ തൻ

കല്ലുളികളാൽ നാം പഴയകോട്ടയിടിച്ചു വീഴ്ത്തുന്നു

പുനലൂർ ബാലന്റെ വരികളാണിവ. പഴയ കോട്ടകൾ പൊളിച്ചു എന്ന് നാം ആശ്വസിക്കുമ്പോഴും പൊളിയാത്ത തറക്കെട്ടിൽ വിദ്വേഷത്തിന്റെ പുതിയ കോട്ടകൾ പണിയുകയാണ് കറുത്ത ശക്തികൾ.വാക്കുകൾക്ക് മൂർച്ചയേറേണ്ട കാലമാണിത്.

മനുഷ്യമസ്തിഷ്ക്കത്തോടല്ല,മാംസത്തോടല്ല;
മനസ്സിനോടേ കാവ്യഹൃദയം സംസാരിക്കൂ
പടവാളിനേക്കാളും വീണയ്ക്കേ വൈകാരിക
പരിവർത്തനങ്ങളെ മനസിൽത്തീർക്കാനാവൂ.

വയലാറിന്റെ വരികൾ ഓർത്തുപോവുകയാണ്.മനുഷ്യമനസ്സിനോട് സംവദിക്കാൻ പുതുകവിതകൾ ഒന്നൊന്നായ് വിരിയുന്ന കാലംകൂടിയാണിത്. ഈ അവസരത്തിലാണ് മുരിക്കാശ്ശേരി പാവനാത്മ കോളേജിലെ യുവസൗഹൃദങ്ങൾ മിഴി എന്ന പേരിൽ ഒരു കവിതാസമാഹാരം പുറത്തിറക്കുന്നത്. മിഴി തുറന്നു പിടിച്ച ഒരു യുവതയുടെ കാലത്തോടുള്ള കലഹങ്ങളാണ് ഇതിലെ കവിതകൾ.ഇതിലെ ഓരോ കവിത വായിക്കുമ്പോഴും വായനക്കാരന് ബോധ്യമാകുന്ന ഒരു കാര്യമുണ്ട്. കവിതയിലൂടെ ഓരോ കവിയും അസന്ദിഗ്ദ്ധമായി നടത്തുന്ന പ്രസ്താവനയാണത്, വീരാൻകുട്ടി മാഷുടെ വരികളുടെ പിന്തുണയോടെ പറഞ്ഞാൽ,

ശ്വാസം പോലെ
ജൈവികമായ
ഒന്നാണെനിക്ക് കവിത !

സ്നേഹാശംസകളോടെ,
**മോബിൻ മോഹൻ**

കാഞ്ചിയാർ
11 - 02 -2020

# എഡിറ്റോറിയൽ

കലാലയങ്ങൾ സർഗസിദ്ധികളുടെ വിളനിലമാണ്.സാഹിത്യ അഭിരുചിയുള്ള അനേകം പഠിതാക്കൾ, അവരുടെ രചനാവൈഭവങ്ങൾ ഇവയെല്ലാം കലാലയത്തിന് കലകളുടെ ആലയം എന്ന വിശേഷണം നൽകുന്നു. പാവനാത്മ കോളേജ് മലയാളവിഭാഗം സാഹിത്യ രചനകൾക്കും സർഗാത്മക സിദ്ധികൾക്കും നിരന്തരമായ പിന്തുണയും പ്രോത്സാഹനവും നൽകിവരുന്നു. ഇവിടെ 'മിഴി' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഈ കവിതാസമാഹാരം സാഹിത്യലോകത്തേക്കുള്ള പുത്തൻ കാൽവയ്പ്പാണ് .തൂലികത്തുമ്പിൽ നിന്നുതിരുന്ന അക്ഷരങ്ങളാൽ പ്രശസ്തിയുടെ ഉത്തുംഗശൃംഗങ്ങൾ കീഴടക്കാനും, മികച്ച സാഹിത്യ രചനകളാൽ അനുവാചകരുടെ ഹൃദയങ്ങളിൽ ഇടം നേടാനും നവ സാഹിത്യ പ്രതിഭകൾക്കാവട്ടെ. 'മിഴി'യിൽ കവിതകളെഴുതിയ എല്ലാവരേയും അഭിനന്ദിക്കുന്നു. എല്ലാ വിജയാശംസകളും നേരുന്നു. ഈ കവിതാ സമാഹാരത്തിലെ കവിതകൾ പലരുടേയും മിഴി തുറക്കുവാനും പ്രപഞ്ചത്തേയും ഈശ്വരനേയും മനുഷ്യനേയും മനസ്സിലാക്കാനും, സ്വന്തമാക്കാനും ഇടയാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇനിയും ഭാവനയുടെ ലോകത്തേക്ക് ഉയരുവാൻ വളരുവാൻ അനേകർക്ക് പ്രചോദനമാകാനും ഈ 'മിഴി'ക്ക് കഴിയട്ടെ.


സ്നേഹപൂർവ്വം-(എഡിറ്റർ)

**ഡോ. ബെന്നിച്ചൻ സ്കറിയ**

*വൈസ് പ്രിൻസിപ്പൽ,*

*മലയാളം വിഭാഗം മേധാവി*

*പാവനാത്മ കോളേജ്*

*മുരിക്കാശ്ശേരി.*

# സമർപ്പണം

## പ്രിയ കവി പി.കുഞ്ഞിരാമൻ നായർക്ക്.....

അടുത്തടിവച്ചുതൊടുവാൻ നോക്കുമ്പോ-
ളകലേക്കു പായും വെളിച്ചമെ നിന്നെ,
ശരിക്കു സ്വാത്വികക്കറുകയേകി ഞാൻ
മെരുക്കുവാൻ നോക്കും മരിക്കുവോളവും!

- വെളിച്ചത്തിലേക്ക്
(പി. കുഞ്ഞിരാമൻ നായർ)

## തിരികെ.... (അനിറ്റ കുര്യൻ)

ബാല്യത്തിൽ ഞാൻ ജീവിച്ചു
എന്റെ മാതാപിതാക്കൾക്കായി.
കൗമാരത്തിലും ഞാൻ ജീവിച്ചു
എന്നെ തിരഞ്ഞ കാമുകിയ്ക്കായി.
യൗവനത്തിലും ഞാൻ ജീവിച്ചു
എന്റെ മാറോട് ചേർന്ന ഭാര്യയ്ക്കായി
വാർധക്യത്തിൽ ജീവിച്ചു
എന്റെ പൊന്നോമന മക്കൾക്കായി.
ഇതിനിടയിൽ ഞാനൊന്നു മറന്നുപോയി
ആ മറവി ഓർമ്മയായി വിരിഞ്ഞതോ
മരണം ശ്വാസനാളത്തിൽ മുത്തമിട്ടപ്പോൾ
അതെന്തായിരുന്നു?
ഞാൻ മറന്നുപോയി. ജീവിക്കാൻ –
എനിക്കുവേണ്ടി ജീവിക്കാൻ.
ഒരു നിമിഷമെങ്കിലും എനിക്കായ്
ജീവിക്കാൻ. മരണമെ നീ വഴിമാറുമോ
ഞാനെനിക്കായൊന്ന് ജിവിച്ചിടട്ടെ.

## സ്മാരകങ്ങൾ

ആത്മാവിന്റെ പുസ്തകതാളിൽ
ഞാനൊളിപ്പിച്ചു വച്ച മയിൽപ്പീലി
അതായിരുന്നു നീ.
പെറ്റുപെരുകും എന്നു പറഞ്ഞ്
കാലം കൊതിപ്പിച്ചപ്പോഴും
നീ എന്നിൽ വെറുമൊരു
ഓർമ്മയായിബാക്കിനിന്നു.

## മതിലുകൾക്കരികെ....

മതം മനുഷ്യനെ മയക്കുന്ന
കറുപ്പൊന്നുമല്ലായിരിക്കാം.
എന്നാൽ, പ്രണയിച്ച
മനസ്സുകൾക്ക് മുൻപിൽ
അവ മതിൽക്കെട്ടുകൾ തീർക്കുന്നു.
വിമുഖഗാനം പാടുന്നു
അറിയില്ല ഇനിയെന്ന്?
മതങ്ങൾ മയങ്ങിയതിനുശേഷം
നമുക്കിനി ഒന്നുചേരാം
മതഭ്രാന്തടങ്ങിയതിനുശേഷം
നമുക്കിനി ഉണരാം.
പ്രണയത്തിലേക്ക്.

## നിതാന്തം

എന്റെ കാലടികളുടെ ശബ്ദം ഉയർന്നുകേൾക്കാൻ
അതിൽ  മാത്രമാണ് ഞാൻ ശ്രദ്ധിച്ചത്.
അതുകൊണ്ടു തന്നെ എന്റെ
ഓരോ കാൽവെയ്പ്പും ഉറച്ചതായിരുന്നു.
ഓരോ ഹൃദയത്തുടുപ്പും ദൃഢമായിരുന്നു.
ഒരു പാറക്കെട്ടുപോലെ
ആർക്കും വേണ്ടി, ഒന്നിനും വേണ്ടി.
ഞാനെന്റെ വഴികൾ മാറ്റിയില്ല.

## ഓളങ്ങൾക്കൊടുവിൽ...

എന്റെ പ്രണയത്തിന്റെ ആരംഭം
അതെവിടെയായിരുന്നു
ഓർമകളിൽ ഒരിടത്തും അതിന്റെ
അവശേഷിപ്പുകൾ കണ്ടെത്താൻ
എനിക്ക് സാധിക്കുന്നില്ല. ഒരുപക്ഷേ
അത് പുഞ്ചിരിയിലായിരിക്കാം
ആഗ്രഹത്തിലായിരിക്കാം
വിജയത്തിലായിരിക്കാം

## അന്തരം

ഒരു മഴത്തുള്ളി കണക്കെ
എന്റെ ദളങ്ങളിൽ നീ
തൊട്ടുതലോടി അകലണം
ഞാനാശിച്ചത് അത്രമാത്രം.
പക്ഷേ നീയെനിക്കായി കാത്തുവച്ചത്
ആ തൂവൽ സ്പർശമായിരുന്നില്ല.
നീ ഒരു പേമാരിപോലെ എന്നിലൂടെ
പെയ്തിറങ്ങി.

## കൊഴിഞ്ഞ തൂവലുകൾ

എന്റെ പ്രണയത്തിന്റെ ആഴം
ആത്മാവിന്റെ മുറിവുണർത്തും
എങ്കിലും ആ പ്രണയത്തിന്റെ ഓർമയും
ഒടുവിൽ തനിച്ചായതിന്റെ നീറ്റലും
അത്രമാത്രം എന്നിൽ ബാക്കിയാവും.
എത്രനാൾ ഒറ്റയ്ക്കാകാനാവുമെന്നറിയില്ല
ആവുന്നത്രയും ആവട്ടെ
തെന്നൽ പറയാൻ മറന്ന പ്രണയം
എന്നെങ്കിലും ആ മരച്ചില്ല
തിരിച്ചറിയും എന്ന് ആശിക്കാം.

## പ്രണയാതുരം

പ്രണയം എന്ന മൂന്നക്ഷരത്തിനായി
ഞാൻ ബലികഴിച്ചത് മറ്റൊന്നുമായിരുന്നില്ല
ജീവിതം എന്ന മനോഹരമായ മൂന്നക്ഷരമായിരുന്നു.
അതിനിടയിൽ സ്വപ്നം എന്ന മൂന്നക്ഷരം
എവിടെയോ അന്യം നിന്നു.
സ്നേഹം എന്ന മൂന്നക്ഷരം എവിടെയോ കളവുപോയി
മറവി എന്ന മൂന്നക്ഷരത്തിൽ അഭയം തേടാൻ
ഹൃദയം പിടഞ്ഞു
ഓർമ്മ എന്ന മൂന്നക്ഷരം
അതിനു മുമ്പിൽ വിലങ്ങുതടിയായി
ഒടുവിൽ ഞാനാ സത്യം തിരിച്ചറിഞ്ഞു.
പ്രണയം എന്ന മൂന്നക്ഷരത്തിന്
യാതൊരുവിധ അർത്ഥവുമില്ലെന്ന്
അത് എപ്പോളായിരുന്നു.
മരണം എന്ന മൂന്നക്ഷരം എന്നിൽ ലയിച്ച്
ഞാനും മരണവും ഒന്നായ നിമിഷം

## മണിയറകൾ മയങ്ങുമ്പോൾ

പ്രണയം അത് തീയായിരുന്നു
ലോകത്തെ മുഴുവൻ ദഹിപ്പിക്കുന്ന തീ എന്ന് ?
പ്രണയം ഞങ്ങളുടെ മനസ്സിൽ മാത്രമായിരുന്നപ്പോൾ
പ്രണയം അത് മഴയായിരുന്നു
ഭൂമിയെ മുഴുവൻ നനയ്ക്കുന്ന മഴ എപ്പോൾ?
പ്രണയം തമ്മിൽ പങ്കുവെച്ചപ്പോൾ.പ്രണയം അത് മഞ്ഞായിരുന്നു
മരുഭൂമിയേയും കുളിരണിയിക്കുന്ന മഞ്ഞ് എന്ന് ?
പ്രണയം തമ്മിൽ പ്രകടിപ്പിച്ചപ്പോൾ പ്രണയം അത് കാറ്റായിരുന്നു
ജീവിതം മുഴുവനും ഉലച്ച കാറ്റ് എപ്പോൾ?
പ്രണയം ലോകമറിഞ്ഞപ്പോൾ പ്രണയം മരണമായിരുന്നു
പ്രണയം ശവഘോഷയാത്രയായിരുന്നു എന്ന് ? എപ്പോൾ ?
പ്രണയം ......താലികൊണ്ട് ബന്ധനം തീർത്തപ്പോൾ.

## തനിച്ചായവൻ

എന്റെ സ്വപ്നങ്ങൾ നിന്റെ പ്രതീക്ഷകളായിരുന്നു
കാരണം നമ്മുടെ സ്വപ്നങ്ങൾ ഒന്നായിരുന്നു
എന്റെ ജീവൻ അത് നിന്റേതായിരുന്നു
കാരണം, നമ്മൾ പരസ്പരം സ്നേഹിച്ചിരുന്നു.
എന്റെ പരാജയങ്ങൾ നിന്റെ തേങ്ങലായിരുന്നു
കാരണം നമ്മൾ ഒരുമേനിയിലെ രണ്ടുനയനങ്ങളായിരുന്നു
എന്റെ പുഞ്ചിരികൾ നിന്റെ വിജയമായിരുന്നു
കാരണം നമ്മൾപരസ്പരം മോഹിച്ചിരുന്നു
എന്റെ ദുഃഖങ്ങൾ നിന്റെ നീറ്റലായിരുന്നു കാരണം
എന്റെ  ജീവൻ അത് നിന്റേതായിരുന്നു
നമ്മൽ ഒരുപാട് സ്നേഹിച്ചിരുന്നു
എന്റ ശ്വാസങ്ങളൊക്കെ നിൻ ഹൃദയത്തുടുപ്പായിരുന്നു
കാരണം നമ്മൾ എന്നും ഒന്നായിരുന്നു
ഒരിക്കലും പിരിയാൻ നമുക്കാകില്ല കാരണം നമ്മൾ പ്രണയിച്ചിരുന്നു
എന്നാൽ മരണത്തിന്റെ വിളിയിൽ ഞാൻ ഒറ്റയ്ക്ക്
ഒന്നെന്നു നാവാൽ പറഞ്ഞപ്പൊഴും
നിന്റെ ഹൃദയം എന്നിൽനിന്ന് വിദൂരത്തായിരുന്നു
ഞാനില്ലാതെ ജീവിക്കാനാകുമെന്ന് നീ തെളിയിച്ചു
എന്റെ മരണം.....അത് നിന്നെ ഉലച്ചില്ല
കാരണം നിന്നിലെ  പ്രണയം അത് കപടമായിരുന്നു.

## വിടപറയുന്നവർ

തനിച്ചുനിന്നാൽ തളരുമെന്ന് തോന്നുമ്പോൾ
ചാരിനിൽക്കാൻ ഒരു മരമുണ്ടാകണം
എന്നാൽ ചാരാനൊരുങ്ങുന്ന മരത്തിന്റെ
വേരിന് എന്നെ താങ്ങാൻ വേണ്ടത്ര
ഉറപ്പുപോരെന്ന് എനിക്കുതോന്നിയാൽ
ചാരാതിരിക്കുന്നതല്ലെ നല്ലത് ?
അല്ലെങ്കിൽ എനിക്കൊപ്പം ആ മരംകൂടി
കടപുഴകി വീഴില്ലെ.
എന്തിന് , അറിഞ്ഞുകൊണ്ട് രണ്ട് ജീവനുകൾ
നശിപ്പിക്കുന്നു
സ്വയം ജീർണിച്ച്,ജീർണിച്ച്
ഒന്നുമല്ലാതാകുന്നതല്ലെ കൂടുതൽ ഉത്തമം.

## ചുമർ ചിത്രങ്ങൾ

കറുത്ത ക്യാൻവാസിനുള്ളിൽ അവൻ വരച്ചിട്ട
ചുവന്ന മഷിക്കൂട്ട് ഒരു നിറഭേദമായിരുന്നില്ല
അതെന്റെ നെഞ്ചിലെ ചോരയായിരുന്നു
തുറന്നുപറയാൻ ധൈര്യമില്ലാതെ
ഞാൻ എന്റെ കണ്ഠത്തിൽ ഒതുക്കിയ
എന്നെങ്കിലും അവൻ തിരിച്ചറിയും
എന്നോർത്ത് കാത്തിരുന്ന
സഫലമാകാത്ത എന്റെ പ്രണയസ്മാരകം.
ആ കറുത്ത ക്യാൻവാസ് അവനും
അതിൽ വർണം പകരുന്ന മഷിത്തുള്ളി
ഞാനുമായിരുന്നെങ്കിൽ.......
ലോകത്തിലാരും വരയ്ക്കാത്ത
മനോഹരചിത്രമായി ഞങ്ങൾ മാറിയെങ്കിൽ
ഹാ സ്വപ്നമെ നരയേറിയ എന്റെ ജീവിതത്തിൽ
എന്തിനിനിയും കൗമാരകുസൃതികൾ
ഓർക്കാനല്ല മറക്കാൻ എന്നെ പഠിപ്പിക്കൂ
എന്റെ ജീവിതമാകുന്ന ഈ ക്യാൻവാസ്
ആരാലും സ്പർശിക്കപ്പെടാതെ,മഷിപുരളാതെ
കാത്തിരിക്കുന്നത് എന്തിന്?
ഇനിയീ ക്യാൻവാസിന്റെ ഇരുളിൽ പ്രണയമല്ല
അനശ്വരമായ വെളുത്ത ലോകം മാത്രം
അടുത്ത ജന്മത്തിലെങ്കിലും കറുത്തക്യാൻവാസായല്ല
വെളുത്ത മഷിത്തുള്ളിയാകാൻ ആയിയെങ്കിൽ....

## അന്ത്യചുംബനം

നീ കരയേണ്ട ഇനി നിന്റെ കണ്ണുനീർ
എന്റെ ശവമഞ്ചത്തിൽ വീണിടേണ്ട
മഴപെയ്തു തോരുന്ന നേരത്തു നീയെന്നിൽ
ഒരു കുടയായി വന്നൊന്നിരുന്നാൽ മതി
വെയിലേറ്റു വാടിത്തളരുന്ന നേരത്ത്
ഒരു തണൽ മരമായി നീ നിന്നാൽ മതി
അതുമതി. അതുമതിയെനിക്കിന്നീ
ആറടിമണ്ണിൽമയങ്ങീടുവാൻ
ഞാൻ തന്ന താലിക്കുമപ്പുറം നീ തന്ന
ആർദ്രമാം സ്നേഹത്തിനാഴം മതി
തമ്മിൽ കൈകോർത്തു നടന്നൊരാ -
പാതകളേകിയ പാഠം മതി.
അതുമതി,അതുമതിയെനിക്കിന്നീ
ആറടിമണ്ണിൽ മയങ്ങീടുവാൻ
നിന്റെ ഉദരത്തിൽ തുടിക്കുമെന്റെ ജീവന്റെ
പുഞ്ചിരിതൂകുന്ന കൊഞ്ചൽ മതി
ആറടിമണ്ണിന്റെ ഉച്ചിയിൽ വന്നെന്റെ
അച്ഛനെന്നൊരുവട്ടം ഓർത്താൽ മതി
ഈ മണ്ണിന്റെ ശൂന്യതയ്ക്കപ്പുറം മറ്റൊരു
ലോകമുണ്ടെന്ന സ്വപ്നം മതി.
ആ സ്വപ്നത്തിലൊരുവട്ടം ഇണയായി
നീ വന്നെന്നരികത്തിരിക്കും എന്നാശമതി
അതുമതി, അതുമതിയെനിക്കിന്നീ
ആറടിമണ്ണിൽ മയങ്ങീടുവാൻ.

## കാത്തിരിപ്പിന്റെ നൊമ്പരം

നിശാഗന്ധി പൂക്കുമീ നിമിഷത്തിലും
ഞാൻ നിന്നെയും ധ്യാനിച്ചിരിപ്പു
നിളയിലും നിലവിലും മുങ്ങിത്തിരയുമെൻ
ഉയിരിലെ സ്വപ്ന സൗധങ്ങളെ
മറക്കില്ല മനസിന്റെ മണിയറ വാതിലിൽ
എന്നും നിനക്കായി ഞാൻ കാത്തിരിക്കാം.
മറക്കില്ല മരിക്കുവോളം ഞാൻ എന്റെ
ശവകുടീരത്തിൽ മയങ്ങുവോളം
വാക്കുകളൊക്കെ മരിച്ചു മരവിച്ചു
മറന്നിട്ടും മറക്കാനാകാതെയെൻ
സ്വപ്നങ്ങളെന്തിനോ ബാക്കിയായി
ഇരുളലപുൽകുന്ന രാത്രിതൻ ശയ്യയിൽ
ഇണയേയും കാത്തു ഞാനിരിക്കും
നിറയുന്ന മിഴിയിലെ ജലബാഷ്പം
ഓതുമെന്നുള്ളിൽ വിതുമ്പുന്നൊരാത്മ ദുഃഖം
നിറയൗവനത്തിന്റെ കപടത വിട്ടു ഞാൻ
നീന്തും നീങ്ങും നീറിപുകഞ്ഞെത്തും
വാർധക്യനൊമ്പരമാം തീയതിയും
നരകളതേറുന്ന ശിരസുമായപ്പൊഴും
നിന്നെയും നിനച്ചു ഞാനിരിക്കും.
ദുഃഖമാണിതെന്നുമൊരു ദുഃഖം.

## ഓർമകൾ

ഓർമകൾക്കിന്നു മരണമില്ലെന്റെയീ
ഓർമകൾക്കൊന്നുമെ മയക്കമില്ല
ഇളംകാറ്റുപോൽ ഇണപോൽ വന്നവ
എന്റെ മേനിയിൽ ഉമ്മവയ്ക്കും
ഭ്രാന്തനെപ്പോലവ കലികേറി വന്നെന്റെ
ഇന്നിന്റെ നിർവൃതി തല്ലിക്കെടുത്തും
ഓർമകൾക്കൊന്നുമെ പ്രായമില്ലെന്റെ
ഓർമകൾക്കൊട്ടും ഒതുക്കമില്ല
ഓർമയെ വഹിക്കുന്ന സിരയുണ്ടെങ്കിലാ
ഞരമ്പു ഞാനിന്നു മുറിച്ചകറ്റീടും
എന്നോർമയൊരു സുഖവുമല്ലൊരു
ദുഃഖവുമല്ലെൻ ഓർമകളെ
ഒരു നാളിലവയെൻ താരാട്ടായ് മാറുന്നു
പലനാളിലെൻ നിദ്രയകറ്റുന്നു
ഇന്നെന്റെ ശോകഗാനമാം ഓർമകൾ
നാളെയെൻ ആനന്ദവീണകൾ മീട്ടും
മരുന്നു തരൂ നീ എന്റെ കാലമേ
എന്റെ ഓർമപ്പെടുത്തലെ
കൊന്നുതള്ളാൻ.

## സൗഹൃദ സ്പന്ദനം

പ്രഭാതത്തിൽ ഞാൻ കണികാണാൻ കൊതിച്ചത്
നിന്റെ രൂപമായിരുന്നു
രാത്രിയിലെ എന്റെ സ്വപ്നങ്ങളിൽ
വിരുന്നു വന്നതാം നീയായിരുന്നു
തളർച്ച ബാധിച്ച എന്റെ മനസിന്
കൈത്താങ്ങായത് ആ സ്നേഹമായിരുന്നു
മുറിവേറ്റുപിടഞ്ഞ എന്റെ ഹൃദയത്തിൽ
നീ തലോടുന്ന സാന്ത്വനമായി
നിന്നെക്കൂടാതെ ഞാൻ ഇല്ലെന്നായി
നിന്നെ പിരിഞ്ഞാലും
പ്രണയം എന്ന് ഞാനതിനെ നിർവചിച്ചു
എന്നാൽ നീ തിരുത്തി
സൗഹൃദം എന്ന്
അതാണ് ശരി
കാരണം പ്രണയം ചതിക്കും
സൗഹൃദം മരിച്ചാലും ചതിക്കില്ല.

## പ്രണയം വെറുത്തവർ

മകളുടെ പ്രണയം,
അച്ഛന്റെ നെഞ്ചിലെ തീയാണ്
മകന്റെ പ്രണയം
അമ്മയുടെ ജീവന്റെ തേങ്ങലാണ്
കാമുകിയുടെ പ്രണയം
കാമുകന്റെ കരളിലെ വിങ്ങലാണ്
കാമുകന്റെ പ്രണയം
കാമുകിയുടെ മനസിലെ നോവാണ്
ഭാര്യയുടെ പ്രണയം
ഭർത്താവിന്റെ ജീവന്റെ കേഴലാണ്
ഭർത്താവിന്റെ പ്രണയം
ഭാര്യയുടെ ജന്മത്തിന്റെ നെടുവീർപ്പാണ്

## ആദ്യപുസ്തകം

ഉമ്മറത്തെ ചാരുകസേരയിൽ ചാരിയിരുന്ന്
മിഴികൾ പൂട്ടുമ്പോൾ, നേത്രങ്ങൾക്കുള്ളിൽ
അന്ധതയുടെ ഇരുണ്ട മറവുകൾക്കുള്ളിൽ
ഒരു നിമിഷം മിന്നിമറയുന്ന രൂപം
അതാണ് എന്റെ പ്രണയം.
അതിനു ഞാൻ നൽകുന്ന ആയുസ്
കേവലം ഒരു സൂര്യാസ്തമയം മാത്രം.
അല്ലെങ്കിൽ മറ്റൊരു പ്രഭാതത്തിന്റെ
ഉയിർത്തെഴുന്നേൽപ്പുവരെ. അത്രമാത്രം
എന്റെ എല്ലാ പ്രണയവും ഇങ്ങനെയായിരുന്നു
സഫലമാകാത്ത നഷ്ട പ്രണയങ്ങൾ
എന്തെന്നാൽ അമ്മ എന്നെ പഠിപ്പിച്ചിരുന്നു
അർഹിക്കാത്തതൊന്നും ആഗ്രഹിക്കരുതെന്ന്
ഒന്നിനെയും തട്ടിയെടുക്കരുതെന്ന്
ആരുടേയും കണ്ണീർ വീഴ്ത്തി
ഒന്നിനെയും സ്വന്തമാക്കരുതെന്ന്.

## ആകാശങ്ങൾ ചുംബിക്കുമ്പോൾ

ഞാൻ സ്നേഹിച്ചത് നിന്നെയല്ല
നിന്റെ സ്വപ്നങ്ങളെയാണ്
ഞാൻ ചുംബിച്ചത് നിന്നെയല്ല
നിന്റെ മനസിനെ മാത്രമായിരുന്നു
ഞാൻ മോഹിച്ചതും നിന്നെയല്ല
നിന്റെ ഹൃദയത്തെയായിരുന്നു
ഞാൻ മുറിവേൽപിച്ചത് നിന്നെയല്ല
നിന്റെ പരാജയങ്ങളെയായിരുന്നു.
ഞാൻ ക്ഷണിച്ചത് നിന്നെയല്ല
നിന്റെ ജീവിതത്തെയായിരുന്നു
അവിടെ ഞാനും നീയും ഇല്ല
നമ്മൾ മാത്രമേയുള്ളു
കാരണം നമ്മൾ പറക്കുകയാണ്
പ്രണയം എന്ന നീലാകാശത്തിലൂടെ
രണ്ട് സ്വതന്ത്രപക്ഷികളായി.

## ബാക്കിപത്രം

വിജനമായ ആ ഒറ്റയടിപാതയിലൂടെ
ഞങ്ങൾ ഇരുവരും യാത്രയാരംഭിച്ചു
എന്നാൽ ഞങ്ങൾ ഒരുമിച്ചായിരുന്നില്ല
ആ വഴിക്കിരുവശവുമായി ഞങ്ങൾ നടന്നു
മനസിലെന്തോ പറയണമെന്നുണ്ടായിരുന്നു
എന്നാൽ ഭയം അതിനനുവദിച്ചില്ല.
പതിയെപതിയെ ഞങ്ങളിലെ ദൂരം നേർത്തു
ഞങ്ങൾ തമ്മിൽ കൈകോർത്തു നീങ്ങി
പിന്നീടുള്ള യാത്ര ഒരുമിച്ചായിരുന്നു
ആ കൈകൾ ചേരലിന് ഒരുപാട്
അർത്ഥമുണ്ടായിരുന്നു വാക്കുകളേക്കാൾ.
എന്നാൽ വഴിയിൽ മതിൽക്കെട്ടുണ്ടായിരുന്നു
മതങ്ങൾ മെനഞ്ഞ മതിൽക്കെട്ട്
അതിനെ തകർക്കാൻ ഞങ്ങൾ കോർത്ത
കരങ്ങൾക്ക് കായബലം മതിയായില്ല
അതുകൊണ്ട് ഞങ്ങൾ കൈകളയച്ചു.
വീണ്ടും വഴിയുടെ ഇരുവശങ്ങളിലൂടെ
പക്ഷെ ഏതോ നിമിഷത്തിൽ ഞങ്ങൾ നടന്ന
ഒറ്റയടിപ്പാത അവസാനിച്ചു
ഞങ്ങൾ പിരിഞ്ഞു, രണ്ടുവഴികളിലൂടെ
രണ്ടു ലോകത്തിലേയ്ക്ക്
പക്ഷെ ഇന്നും തിരിഞ്ഞുനോക്കിയാൽ കാണാം

വിജനമായ ആ വഴിയിൽ
ഞങ്ങൾ നടന്നുവന്ന കാൽപ്പാടുകൾ
അതിനെ ഒന്നിനും മായിക്കാനാകില്ല
അതെന്നും അവിടെ നിലനിൽക്കും
സഫലമാകാത്ത നമ്മുടെ
പ്രണയസ്മാരകമായി...

## കൂട്ട്

എന്റെ മിഴികൾ നിറഞ്ഞൊഴുകിയപ്പോൾ
ആ കണ്ണുനീർ തുടച്ചത് നീയായിരുന്നു
എന്റെ ഹൃദയം പിടഞ്ഞപ്പോൾ
അതിന്റെ ഇരമ്പൽ നീയേ അറിഞ്ഞുള്ളു.
ഒറ്റപ്പെട്ടു എന്നു തോന്നിയ നിമിഷങ്ങളിൽ
തനിച്ചാകാതെ കാത്തത് നിന്റെ സ്നേഹമായിരുന്നു
മരണത്തിനു മുൻപിൽ തോൽക്കാൻ ഞാൻ
ആയിരംവട്ടം തുനിഞ്ഞപ്പൊഴും തടഞ്ഞതും
നിന്റെ കരുതലായിരുന്നു.
എന്റെ പ്രണയങ്ങൾ വെറും ഋതുക്കൾ
പോലെ മാറി മറിഞ്ഞുകൊണ്ടിരുന്നു
പക്ഷെ നിന്നിലെ സ്നേഹത്തിന്
ഒരുകുറവും ഞാൻ കണ്ടില്ല
കാരണം നീ എന്റെ പ്രണയിതാവല്ല.
നീ എന്റെ സുഹൃത്താണ്.
മരണത്തിനുപോലും വിട്ടുകൊടുക്കാതെ
എന്നെ ചേർത്തുനിർത്തുന്ന
എന്നിലെ ഹൃദയസ്പന്ദനം...
ചോരത്തുടിപ്പ്
അതാണ് നീ...

## പ്രണയം പെയ്യുമ്പോൾ

മതിലുകൾക്കപ്പുറം ഇപ്പുറം നിന്നുകൊ-
ണ്ടിനി നിന്നെ പ്രണയിക്ക വയ്യ
മതിലുകൾ ഇല്ലാത്ത ലോകം ഇനിയെൻ
സ്വപ്നങ്ങളിൽ പോലുമില്ല തെല്ലും
മിഴിനനയുന്ന നേരമെൻ മനസിന്റെ
കണ്ണുനീരൊപ്പുന്ന കവിതയായ് പ്രണയം
മഴനനഞ്ഞു കുളിരണിയുന്ന നേരമെൻ
മനസ്സിൽ വിരിയുന്ന വെയിലെൻ പ്രണയം.
ഇരുളണഞ്ഞു വഴിയണഞ്ഞിടുമ്പൊൾ
ഇനി തെളിയുന്ന ദീപമെൻ പ്രണയം
കടലില്ല കരയിലുമല്ല എൻ
കണ്ണുനീർ തുള്ളിയിൽ വിരിയുന്ന പ്രണയം
ചിരിയിലല്ല എന്റെ കളിയിലുമല്ലയീ
കരളിൻ കോണിലെ കളിവില്ലായ് പ്രണയം
ഇനി വിരിയേണ്ട ഇനി പടരേണ്ട
എന്റെയീ മേനിയിൽ പ്രണയമാം പുഷ്പമെ
ഇനി നുകരേണ്ട ഇനി അറിയേണ്ട
നിന്റെ മധുവിത് ഇന്നെന്റെ പുഷ്പമെ
ചില്ലയിൽ തട്ടി കടന്നുപോകുന്നൊരാ
തെന്നലെപ്പോലെ നീ അകന്നുകൊൾക
പൂവിനെ മുത്തി പിരിഞ്ഞുപോകുന്നൊര -
ശലഭമായ് നീ വിടചൊല്ലീടുക
മറവി മരുന്നായി തീർന്നിടുമെങ്കിലീ
പ്രണയമെ നിന്നെ മറന്നുകൊള്ളാം
ഇരുളിന്റെ മറവിലെൻ സ്വപ്നത്തിനാഴത്തിൽ
പ്രണയമേ ഇനി നീ വരികവേണ്ട
ഇനിയുമെൻ ജീവനിൽ പുലരിതൻ നിറവായ്
പ്രണയമെ നീയിനി വിരിഞ്ഞിടെണ്ട
ഒടുവിൽ ശ്വാസമെൻ ജീവനിൽ നിറയുമ്പൊൾ
നിന്റെ രൂപവും സ്മൃതിപദത്തിൽ
എന്റെയീ പ്രണയത്തിനാഴം തിരയുന്ന
ഒടുവിലെ കണ്ണുനീർ കണിക പോലും.

## തിരുത്തലുകൾ

നിന്നെ അറിയുന്നതിൻ മുൻപ്
നിന്റെ സ്പർശനമേൽക്കും മുൻപ്
ഞാൻ ജീവിതത്തെ കണ്ടിരുന്നു
ദുരന്തങ്ങളുടെ സാഗരമായ്
കണ്ണുനീരിന്റെ മരുഭൂമിയായ്
ദുഖത്തിന്റെ പേമാരിയായ്
ദുസ്വപ്നത്തിന്റെ വനഭൂമിയായ്
എന്നാൽ നിന്റെ കാൽപ്പാടുകൾ
എന്നെന്റെ ജീവനിൽ പതിഞ്ഞുവോ,
അന്നു ഞാൻ ജീവിതത്തെ നിർവ്വചിച്ചു
പുഞ്ചിരിയുടെ തെന്നലായി
സ്വപ്നത്തിന്റെ രഥമായി
ആനന്ദത്തിന്റെ മഴത്തുള്ളിയായ്
പ്രതീക്ഷയുടെ വെട്ടമായ്
ഇന്നും ഞാൻ സംശയത്തോടെ ഓർക്കും
നീ എന്തിലാണ് മാറ്റം വരുത്തിയത്
ഞാനെന്ന വ്യക്തിയിലൊ,
എന്റെ ജീവിതത്തിലൊ
അതിനുത്തരം നീ എന്നോടു പറയരുത്
ഒരിക്കലും
നീ ചാർത്തിയ സിന്ദൂരത്തിലും
സമ്മാനിച്ച താലിയിലും കണ്ണോടിക്കുമ്പൊൾ
തൊട്ടുതലോടുമ്പൊൾ
മനസിലേക്ക് വരുന്ന കടങ്കഥയായി
ഈ ചോദ്യം എനിക്കു ബാക്കിവയ്ക്കണം
എന്റെ മരണം വരെയും
എന്തെന്നാൽ ഈ ചോദ്യമാണ്
എന്നെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്.

## മരണത്തെ തേടുന്നവർ

നിന്റെ പ്രണയം, പ്രണയത്തിനാഴം
അതെന്നെ നിന്നിലേയ്ക്ക് വലിച്ചടുപ്പിച്ചു.
എന്റെ കുടുംബം, അവരേകിയ സ്നേഹം
അതെന്നെ പിന്നോട്ടുവലിച്ചു
ഈ വടംവലിക്കിടയിൽ ഞാൻ നിലനിന്നു
ചാഞ്ചാടാതെ ആടിയുലയാതെ സമതുലനതയിൽ
നിന്റെ പ്രണയത്തെ തച്ചുടച്ചുകൊണ്ട്
എന്റെ കുടുംബത്തിന്റെ സ്നേഹത്തിലേയ്ക്കോ
എന്റെ കുടുംബത്തെ പാടെമറന്ന്
നിന്റെ പ്രണയത്തിലേയ്ക്കോ അടുക്കാനെനിക്കാവില്ല
കാരണം, രണ്ടും എനിയ്ക്ക് പ്രിയമേറിയതാണ്
ഒടുവിൽ ഞാൻ തീരുമാനിച്ചു. പറന്നകലാൻ
നിന്റെ പ്രണയത്തിന്റെ തീവ്രതയിൽ നിന്ന്
എന്റെ കുടുംബത്തിന്റെ വാത്സല്യത്തിൽനിന്ന്
എവിടേയ്ക്ക്?... സുഹൃത്തിനരികിലേയ്ക്ക്
മരണം എന്ന പ്രിയ സുഹൃത്തിനരികിലേയ്ക്ക്.

## മകനേ നിനക്കായ്

കണ്ണീരുണങ്ങാതെ ....കാത്തിരിപ്പിന്റെ
വേദനയിൽ പന്ത്രണ്ടുകൊല്ലങ്ങൾക്കപ്പുറം
തന്റെ കൺമുൻപിൽ നിന്നു മറഞ്ഞ
പൊന്നോമന പുത്രനെ, രാഹുൽ എന്ന
ഏഴുവയസ്സുകാരനെ കാത്തിരുന്ന
കാലം കഴിക്കുന്ന മിനി എന്ന അമ്മയുടെ
ഓർമകൾക്ക് മുൻപിൽ,തേങ്ങലുകൾക്ക്
മുൻപിൽ പ്രാർത്ഥനയോടെ
കൂപ്പുകൈളോടെ സമർപ്പിക്കുന്നു
എന്റെയീ വരികൾ.
എവിടെ നീ കൺമണി? എവിടെ നീ പൊൻമണി?
എവിടെ നീ എൻ ജന്മസാഫല്യമേ?
നിന്റെ കൊഞ്ചലിൻ ഈണങ്ങൾ ഇല്ലാതെ
നിന്റെ അമ്മയെന്നുള്ളൊരാ വിളിയതിന്നില്ലാതെ
എന്റെ നെഞ്ചിന്റെ ചൂടതിന്നറിയാതെ
എവിടെ നീ കൺമണീ ചൊല്ലീടുക?
പേറ്റുനോവിന്റെ ഈണങ്ങളിൽ നിന്നെ
മുലയൂട്ടിവളർത്തിയ നേരങ്ങളിൽ
ഒടുവിൽ നിൻ കൈകളേകിടും നീർത്തുള്ളി
ഏറ്റെന്റെ കൺഠം ശമിക്കുമെന്നാശിച്ചു
എവിടെ നീ കൺമണി ചൊല്ലിടുക
നിന്റെ പാദം പതിഞ്ഞൊരാ വഴികളിൽ
ഏകയായ് ഇന്നമ്മ നടന്നുനീങ്ങീടുന്നു
അമ്മയെന്നൊരു വിളിയാൽ നീയണയുവാൻ
ഒരു താരാട്ടുകൂടി ഞാൻ കാത്തുവച്ചീടുന്നു
നിന്റെ മേനി ഇരുണ്ടുപോയോ പൊന്നെ
നിന്റെ വയർ അതിന് എരിയണുണ്ടോ
നിന്റെ കൺകളിൽ സ്നേഹമുണ്ടോ ചൊൽക
അമ്മതൻ രൂപം മനസ്സിലുണ്ടൊ
ഒരു പിടിക്കഞ്ഞിയും ഉയിരിന്റെ സ്നേഹവും

ബാക്കിവെച്ചമ്മ കാത്തിരുന്നീടുന്നു
രാത്രിവിടവാങ്ങുമീ നേരംവരെയും
എന്നുവരും നീ എന്നുവരും നീ
പൊന്നോമനേ ചൊൽക അമ്മതൻ വഴിയെ
നെഞ്ചകം പൊട്ടി പിളരുന്ന നേരത്ത്
നിന്റെ കൈകളെൻ നെഞ്ചോട് ചേർന്നുവെങ്കിൽ
ഒടുവിലായെൻ മിഴി മയങ്ങുന്ന നേരത്ത്
നിന്റെ രൂപമെൻ മുൻപിൽ തെളിഞ്ഞുവെങ്കിൽ
അന്ത്യശ്വാസത്തിന്റെ ആഴങ്ങളിൽ നിന്റെ
ശ്വാസമെൻ ചുറ്റിൽ പടർന്നുവെങ്കിൽ
വരുക നീ പൈതലെ വന്നീടുക നീ
ഒരുപിടി വായ്ക്കരി തന്നിടുക.

## കരുതിവയ്പ്പിൻ കരുത്ത്

ധനുമാസത്തെ കുളിരിനെപ്പോലും തോൽപ്പിച്ച്
നമ്മുടെ ശരീരങ്ങൾ തമ്മിൽ ചൂടുപകർന്നു
ഒരു കിളിക്കൂടിന്റെ ആർദ്രതയായിരുന്നു ആ ചൂടിന്
എന്നാൽ എന്റെ ചൂടിന് ആഴം പോരെന്ന് കലഹിച്ച്
എന്നെ മാത്രം മഞ്ഞിന്റെ ശവക്കച്ചയിലേയ്ക്ക് തള്ളിവിട്ട്
നീ നടന്നകന്നു. ചൂടുപകരുന്ന പുതിയ ഉറവിടം തേടി
നിന്റ തലോടൽ ഏറ്റുമയങ്ങിയ എന്റെ മുടിയിഴകൾ
നിന്റെ ചുംബനമേറ്റു പുളകം കൊണ്ട എന്റെ കവിൾത്തടങ്ങൾ
ഇന്നും ആശിക്കുന്നുണ്ട് നിന്റെ ആ സാമിപ്യം
ജീവിതത്തിൽ ഒറ്റപ്പെട്ടു എന്ന് കാലം കളിയാക്കുമ്പോഴും
എനിക്കൊരിക്കലും ഒറ്റപ്പെട്ടു എന്ന് തോന്നിയില്ല
കാരണം നിന്റെ ഓർമകൾ എനിക്കൊപ്പം ബാക്കിനിന്നു
ആ സ്മരണകൾ രാത്രിയുടെ കൊടുംതണുപ്പിൽ ചൂടായി
ആ ഓർമകൾ എന്റെ മുടിയിഴകളെ തലോടി ഉറക്കി
എന്റെ ചുണ്ടിൽ ചുംബനപുഷ്പം ചാർത്തിയകന്നു
നിന്നെ ഞാനൊരിക്കലും വെറുപ്പിൻ കയത്തിൽ മുക്കിക്കൊല്ലില്ല
എന്തെന്നാൽ, ഇത്രയും ജീവസ്പന്ദനം തിങ്ങും
ഓർമകൾ ബാക്കിനിർത്തിയല്ലൊ നീ അകന്നത്.

## നിർവ്വചനം

സഫലമായ പ്രണയകാവ്യങ്ങൾ
ലോകത്തിൻ നെഞ്ചിൽ ഇങ്ങനെ എഴുതി
കാലം അതിന്റെ കൂറ്റൻ പാറപ്പുറത്ത്
കൊത്തിവയ്ക്കുന്ന ശില്പമാണ് പ്രണയം
സമയം അതിന്റെ ചിറകിൻമേൽ
വരച്ചുചേർക്കുന്ന നിറക്കൂട്ടാണ് പ്രണയം
ഓർമകൾ അതിന്റെ തിരകളിൽ
ബാക്കിനിർത്തുന്ന മണൽത്തരിയാണ് പ്രണയം
എന്നാൽ നിന്റെ പ്രണയത്തിൻ രുചിഭേദം
നുകർന്ന ഞാൻ അത് മാറ്റിയെഴുതി
പ്രണയം;
ആത്മാവിൽ തുളച്ചുകയറുന്ന തണുപ്പാണ്
ശരീരത്തിൽ ബാക്കിനിർത്തുന്ന ചൂടാണ്
ജീവനിൽ പ്രവഹിക്കുന്ന തുടുപ്പാണ്
ജീവന്റെ തന്നെ സ്പന്ദനമാണ്

## ജന്മാന്തരങ്ങളിലൂടെ

നാം ആദ്യം കണ്ടുമുട്ടിയത് ഈ പുഴവക്കിലായിരുന്നു
പ്രണയം തുളുമ്പിനിൽക്കുന്ന കണ്ണുകളുമായി
കാമം കലഹിക്കുന്ന ചുണ്ടുകളുമായി
സ്നേഹം കാംഷിക്കുന്ന ഹൃദയത്തുടുപ്പുമായ്
പിരിയുന്ന ഈ നേരം നാം വീണ്ടുമീ പുഴക്കരയിൽ
പക്ഷെ ഇന്നു നാം ഒരുമിച്ചല്ല
വിങ്ങുന്ന ഹൃദയവുമായ് നീയാ പുഴക്കരയിലും
ഒരുപിടി ചാരമായ് ഞാനീ പുഴയുടെ ഓളങ്ങളിലും
പ്രണയം നമ്മെ ചേർത്തുനിർത്തിയെങ്കിൽ
മരണം നമ്മിലെ ദൂരം വർധിപ്പിക്കുകയാണ്
തിരികെ നടന്നുകൊള്ളൂ. എന്റെ ഓർമ്മകളുമായ്
ഒറ്റയ്ക്കായെന്നു തോന്നുമ്പോൾ ഓടിയണയൂ ഇവിടേയ്ക്ക്
ഞാനീ ഒഴുക്കിനൊപ്പം വെറും ചാരമായ് അകലില്ല
ഞാനിവിടെ പുനർജ്ജനിക്കും ഒരു വെള്ളാരങ്കല്ലായ്
നിന്റെ സ്പർശനമേൽക്കാൻ കൊതിച്ച്
നിന്റെ കടന്നുവരവും കാംഷിച്ച്

## ചിതലരിച്ച ചിത്രണങ്ങൾ

മറക്കണം എന്നു ഞാൻ ആശിച്ചു.
എത്രമേൽ ഞാനതിന് ആശിച്ചുവൊ,
അത്രമേൽ ഞാൻ നിന്നെ ഓർത്തു
ഒരു മറവിക്കും നിന്നെ വിട്ടുകൊടുക്കാൻ
ഞാൻ ഒരിക്കലും ഒരുക്കമായിരുന്നില്ല
നീ എന്റെ ഓർമ്മയിലേയ്ക്ക് ഒരുനാൾ
വിരുന്നുകാരനായി കടന്നുവന്നവനല്ല
മറിച്ച്, നീ എന്റെ ഓർമ്മ തന്നെയായിരുന്നു

## ഹൃദയത്തിലേയ്ക്കൊരു ചാൽ

സൃഷ്ടിക്കപ്പെട്ട സകലതിനും
കാലവും ലോകവും ചേർന്ന് അന്ത്യമൊരുക്കി
ഒരു പൂവിന്റെ ആയുസ്സ്
ചെടിയുമായുള്ള ചേർച്ച മുറിയുംവരെയാക്കി ചുരുക്കി
ഒരു രാത്രിയുടെ ദൈർഘ്യം
സൂര്യകണികയുടെ കടന്നുവരവുവരെയാക്കി ഒതുക്കി
ഒരു പുഞ്ചിരിയുടെ ഓർമ്മ
മറ്റൊരു കണ്ണീർകണിക ഇറ്റുംവരെയാക്കി തളച്ചും
ഒരു സ്വപ്നത്തിന്റെ നിറവ്
നിദ്രയുടെ നിമിഷം അവസാനിക്കും വരെയാക്കി കുറച്ചു
ഒരു ജീവിതത്തിന്റെ സാഫല്യം
അതും ദഹിച്ചില്ലാതായി
ക്ഷണിക്കാതെ കടന്നുവന്ന മരണത്തിന്റെ
ക്രൂരമായ ചുംബനത്തിൽ
എന്നാൽ കാലത്തിനും ലോകത്തിനുമൊന്നും
അതിർവരമ്പു നിശ്ചയിക്കാനായില്ല, അസ്തമിപ്പിക്കാനായില്ല
പ്രണയത്തെ
മരണത്തിനപ്പുറം അതു നമ്മിൽ ജീവിച്ചു
നമ്മെ ചേർത്തു നിർത്തുന്ന ചാലകശക്തിയായി.

## സ്നേഹം കുന്നോളം

എനിക്കു നിഷേധിക്കപ്പെട്ട സ്നേഹം
വാത്സല്യം അതായിരുന്നു എനിക്ക് അച്ഛൻ
ശിരസിലെ തലമുടിയിഴകൾപോലെ
മനസിലും കറുപ്പുനിറച്ച മനുഷ്യൻ
വിറയ്ക്കുന്ന കൈകളും മിടിക്കുന്ന ഹൃദയവും
അതായിരുന്നു അച്ഛനുമുമ്പിൽ ഞാൻ
ആരോടൊക്കെയോ ഉള്ള ദേഷ്യം, പക
ചൂരൽക്കഷായമായി അച്ഛനെന്നിൽ കുത്തിവച്ചു
ആ രൂപത്തിനു മുന്നിൽ ശിരസ്സുകുനിച്ചേ നിന്നുള്ളു
ഒരപരാധിയെപ്പോലെ തെറ്റുചെയ്യാഞ്ഞിട്ടും
അച്ഛനൊരിക്കലും ചിരിക്കുന്നതായി കണ്ടിട്ടില്ല.
മോനെ എന്നു വാത്സല്യത്തോടെ വിളിച്ചിട്ടില്ല
രാത്രിയിൽ അച്ഛന്റെ ചൂട്ടുവെട്ടം കാണുമ്പോൾ
അമ്മയുടെ മാറിനോടുചേർന്ന് കണ്ണുകളിറുക്കിയടച്ചു.
അമ്മ മരിച്ചതിന് ശേഷം അച്ഛനെ ഭയന്ന്
ഒളിസങ്കേതം കണ്ടെത്തിയത് പച്ചത്തറയിൽ
ഓരോ നാളും സ്വപ്നങ്ങളിൽ അച്ഛന്റെ രൂപം
എന്റെ നിദ്രയെ കൊല്ലിയായി കടന്നുവന്നു
എന്നിട്ടും അച്ഛനെ മരണം കട്ടപ്പോൾ
എന്റെ ഹൃദയം വിങ്ങി അതെന്തിനായിരുന്നു
ഇന്നെനിക്കതറിയാം,എന്റെ അച്ഛനെപ്പോലെ
എന്നെ സ്നേഹിച്ചവരാരും ലോകത്തിലില്ല
ശാസനയിലും ശകാരത്തിലും ശിക്ഷയിൽ
അച്ഛൻ ആവോളം സ്നേഹം നിറച്ചിരുന്നു.

## പാദമുദ്രകൾ

ബാല്യം അതൊരു വെളുത്ത
കടലാസു തുണ്ടുകണക്കെ നിർമ്മലം
ഏത് വർണമതിൽ വരച്ചാലും
ആയുസൊടുങ്ങും വരെ തെളിഞ്ഞുനിൽക്കും
കൗമാരം അതൊരു ദീപം
ചിലപ്പോൾ ആളിക്കത്തും
മറ്റുചിലപ്പോൾ കരിന്തിരികത്തും
വേറെചിലപ്പോൾ കെട്ടുപോകും
യൗവനം അതൊരു വൻവൃക്ഷം
തന്റെ ചുവട്ടിൽ അഭയം തേടുന്നവർക്ക്
സുരക്ഷയൊരുക്കുന്ന വൃക്ഷം
വെയിലിന്റെ ചൂടുമൂഴുവൻ നെഞ്ചിൽ താങ്ങി
ചുറ്റുമുള്ളവർക്ക് തണലേകും
വാർധക്യം അതൊരു കൊട്ടാരം
പഴകി ദ്രവിച്ചത്. പ്രതീക്ഷ ഒന്നിൽ മാത്രം
ഒന്നും ബാക്കിവയ്ക്കാതെ നാമാവശേഷമാകാൻ
അതിനുള്ളിൽ നിധിയുടെ കമനീയശേഖരം
അതു തിരയാൻ ആരും വിരുന്നിനെത്തുന്നില്ല
എന്നാൽ ഇതാണൊ ജീവിതം
ബാല്യം,കൗമാരം,യൗവ്വനം, വാർധക്യം നിര പൂർണം
അല്ല ഇതല്ല ജീവിതം. ഇതിൽ ജീവിതമില്ല.
ജീവിതം അത് അനു  വമാണ്
അനുഭവിച്ചുതന്നെ അറിയണം, പഠിക്കണം.

## ഇഴയകലുമ്പോൾ

ചേമ്പിലയിൽ ബാക്കിയായ മഴത്തുള്ളി
അതായിരുന്നു എനിയ്ക്ക് നീ
ഹൃദയകോണിന്റെ ഏതോ മറവിൽ
ബാക്കിയായ മഷിത്തുള്ളി
മറ്റൊരു മഴപ്പെയ്ത്തിന്റെ വരവിനപ്പുറം
നിന്നെ നെഞ്ചിൽ നിന്നു തട്ടിയകറ്റി
ഞാനിരിപ്പിടമാകും മറ്റൊരു മഴത്തുള്ളിയ്ക്ക്
അതാണ് എന്റെ സ്നേഹം
ഒന്നിനും ശാശ്വതമായ ഇരിപ്പിടം ഒരുക്കാത്ത
എന്റെ ആത്മാവിന്റെ ദാഹം.

## അടയാളപ്പെടുത്തൽ

ചിതലുകൾ തിന്നുതീർത്ത ഓർമയുടെ ബാക്കിപത്രം
രാത്രിയുടെ നഗ്നതയിൽ വീണ്ടും വിരുന്നാകുന്നു
തീൻമേശയിലെ അവസാനത്തെ വീഞ്ഞുതുള്ളിയും
നിന്റെ കണ്ഠത്തിലെ ചൂടിനെ അലിയിപ്പിച്ചു
രാത്രിയുടെ ഇരുളിൽ വീണ്ടും തെളിഞ്ഞ നേർത്ത
ഓർമയുടെ ഞരമ്പിനും മറവിയുടെ രക്തത്തിനുമിടയിൽ
മസ്തിഷ്കത്തിന്റെ മതിലുകളിൽ നീയും ഞാനും
കാലത്തിന്റെ രേഖാചിത്രങ്ങളായി,രക്താണുക്കളായി

## മെലിഞ്ഞുപോയവർ

ഹൃദയത്തിന്റെ പാതിമാത്രമെ
എന്നിലെ ജീവനിൽ സ്പന്ദിക്കുന്നുള്ളു
ബാക്കി പകുതിയുടെ തുടുപ്പിൽ
അക്ഷരങ്ങളുടെ പ്രേതരൂപങ്ങൾ
മഞ്ഞിന്റെ വെൺമയിലേയ്ക്ക്
ഛർദിച്ചിട്ട കറുത്ത അക്ഷരങ്ങൾ
ആ കറുപ്പിന്റെ ഇരുളിലാണ്
നീയെന്ന സ്വപ്നത്തെ കാത്തുവച്ചത്
അതിനാലാകാം
നീയെന്നെ അറിയാതിരുന്നത്...
തിരിച്ചറിയാതിരുന്നത്...

## ഏകകം അളക്കുമ്പോൾ

നീ എന്റെ കൈവിട്ടു നടന്നപ്പൊഴും
നിന്റെ മിഴികളെ പിരിയാൻ മനസിനായില്ല
മറവിയാൽ എന്നെ കൊല്ലാൻ
നീ തുനിഞ്ഞപ്പോൾ
ഓർമയായി നീ എന്നിൽ വിരിയുകയായിരുന്നു
നിന്റെ ചിറകുകളിൽ നിന്നുകൊഴിഞ്ഞ
വെറുമൊരു തൂവലായിരുന്നു നിനക്കു ഞാൻ
പക്ഷെ നീ എനിക്ക് ചിറകായിരുന്നു
സ്വപ്നലോകത്ത് പറക്കാൻ പഠിപ്പിച്ച
പ്രണയത്തിന്റെ തൂവൽ തുന്നിയ ചിറക്

## ഗുപ്തം

എനിക്കെന്നും തോൽക്കാനായിരുന്നു ഇഷ്ടം
മത്സരവേദിയിൽ,കളിക്കളത്തിൽ, പാഠപുസ്തകത്തിൽ
കാരണം ഞാൻ തോൽക്കുമ്പോൾ ഉയരുന്ന കൂവലുകൾ
നിന്റെ വിജയത്തിന്റെ കൈയ്യടികൾ ആയിരുന്നു
ആ വിജയത്തിന്റെ അഗാധമായ നിർവൃതിയിൽ
നിന്റെ ചുണ്ടുകൾ പുഞ്ചിരിപൊഴിച്ചിരുന്നു
ആ പുഞ്ചിരിതന്നെയാണ് യഥാർത്ഥത്തിൽ
എന്റെ ജീവിതത്തിന്റെ വിജയം
ഇതറിയാതെയാണല്ലോ നീ എന്റെ
പരാജയങ്ങളെ പരിഹസിച്ചത്.

## ഒരു കവിയുടെ കണ്ണീർ

എന്റെ തൂലികയിലെ മഷിത്തുള്ളിയ്ക്ക്
മങ്ങലേൽക്കുന്ന നാൾവരെ
എന്റെ ശബ്ദത്തിന്റെ ഊർജം
കാലത്തിന്റെ കണ്ണാടിയിൽ പ്രതിഫലിക്കും
അതുവരെ
ഞാൻ നിന്നെ പ്രണയിച്ചുകൊണ്ടിരിക്കും
എന്തെന്നാൽ
തൂലികയിൽ മഷിത്തുള്ളി മങ്ങുമ്പൊൾ
എന്നിലെ ഹൃദയസ്പന്ദനം മാഞ്ഞിട്ടുണ്ടാവും
കാരണം
കവിത എനിയ്ക്കു മരുന്നാണ്
ഹൃദയത്തിന്റെ നോവുണക്കുന്ന തൈലം.

## സംവേദനം

വിടചൊല്ലി പിരിഞ്ഞകന്നിട്ടും
നിന്നെ പ്രതീക്ഷിച്ചു ഞാനിരുന്നീടുന്നു
നീ ചാർത്തിയ താലിയിന്നും എൻ
കണ്ഠത്തിൽ നിന്നും അകന്നതില്ല
എന്റെ നെറുകിൽ നീ ചാർത്തിയ
സിന്ധൂരത്തിൻ മുറിപ്പാടിന്നും മാഞ്ഞില്ല
നീയേകിയ പ്രാണനെ പേറിയെൻ
നിറവയറിന്നും ഭാരമായ് തീർന്നതില്ല
നിന്റെ ചുംബനം ഏറ്റുമയങ്ങിയ
രാവുകൾ മനസിൽ തിളങ്ങിടുന്നു
നീ അകന്നൊരാ വഴികളെ നോക്കി
ഇന്നും നിന്നെ കാത്തിരുന്നീടുന്നു ഞാൻ
നീ ചൊല്ലിപകർന്നൊരാ പ്രണയകാ-
വ്യമാണെൻ താരാട്ടിനീണം ഇന്നും.

## ബ്രഹ്മം കരയുന്നു

കാറ്റിൽ പറന്നു നടക്കുന്ന കൂന്തൽ
ഇന്നവ എന്തിനോ കെട്ടിയൊതുക്കിയിരിക്കുന്നു
യൗവ്വനം വാർധക്യത്തിനു വഴിമാറിയിരിക്കുന്നു
ഉള്ളിലെ മൃഗത്തെ മുനിയാക്കാനുള്ള തപസ്യ
എത്ര ഉറക്കിയാലും പുതപ്പിട്ടുമൂടിയാലും
പ്രണയം മഞ്ഞുപോൽ ആത്മാവിൽ തുളച്ചുകയറും
കരളിന്റെയുള്ളിൽ കാമം വീണ്ടും കനൽപാകുന്നു
ചില ജ്വാലകൾ അങ്ങനെയാണ്
നാളെയുടെ സ്വപ്നങ്ങൾക്ക് മുന്നിൽ
അഗ്നിയായി വിരിയാൻ
ഭയമായി ഉയിർത്തെഴുന്നേൽക്കാൻ

## നരയേറുന്നുവെന്നോ ?

ഞാൻ മടക്കയാത്രയിലാണ്
എന്റെ ബാല്യത്തിലേയ്ക്ക്
അമ്മിഞ്ഞപ്പാൽ കിനിയുന്ന ചുണ്ടും
താരാട്ടു കേട്ടുറങ്ങുന്ന രാവുമില്ലാതെ
എന്നാൽ
ഞാനിന്നും പിച്ചവെയ്ക്കുന്നു
തുള്ളിച്ചാടുന്നു
മറ്റൊരു വിരൽതുമ്പിൽ തൂങ്ങി നടക്കുന്നു
വാശിയാൽ കരയുന്നു
ഉറക്കെ ചിരിക്കുന്നുവോ
വാർധക്യം എന്നു പറഞ്ഞ്
വിലകുറച്ച് കാണരുത്
ഇതെന്റെ രണ്ടാം ബാല്യമാണ്
മരണം വരെ കൂട്ടുവരുന്ന ബാല്യം

## വെറുക്കപ്പെട്ട കനി

പ്രഭാതങ്ങളെയും സായാഹ്നങ്ങളെയും
ഞാൻ പ്രാർത്ഥനകൊണ്ട് തുറക്കും
എന്റെ ചുണ്ടിൽ പുഞ്ചിരി വിരിയരുതേ
എന്ന നെഞ്ചുരുകുന്ന പ്രാർത്ഥന
പുഞ്ചിരി എനിക്ക് വെറുപ്പാണ്
പുഞ്ചിരിക്കുന്നവരെയും
പ്രേമബദ്ധരായി മുട്ടിയുരുമിയിരിക്കും
എന്റെ മേൽകീഴ് ചുണ്ടുകളുടെ
ശ്വാസങ്ങളെ കൊന്ന്
ഹൃദയത്തുടുപ്പിനെ മുറിച്ച്
അവയെ തമ്മിൽ അകറ്റിയാണല്ലോ
എന്റെ ചുണ്ടിൽ പുഞ്ചിരി പിറക്കുന്നത്
എന്റെ പുഞ്ചിരിപോലും
പ്രണയത്തെ കൊല്ലുകയാണല്ലോ.
പുഞ്ചിരി..
കാലത്തിനു നേരെയുള്ള പരിഹാസമാണ്
പ്രണയത്തിനെതിരെയുള്ള വിഷം

## അസ്തമനം

ജീവിതം കൊണ്ട് ഉയർത്തിപിടിച്ച
എന്റെ രണ്ടുകൈകൾ
ഒന്നിൽ കൊലക്കത്തിയാണ്
അപരന്റെ രക്തം ഊറ്റിയെടുത്ത്
എത്ര നാവിൽ പകർന്നിട്ടും
അടങ്ങാത്ത ദാഹത്തിന്റെ
ഉയർത്തപ്പെട്ട കൊലക്കത്തി
മറ്റേതിൽ കൊലകയറാണ്
എന്റെ തന്നെ ശ്വാസം പിടയുന്ന
ഒരു തുണ്ടു കയർ
എന്തുവേണമെന്നറിയാതെ
കണ്ണുകൾ കൈകളെ മാറിമാറി നോക്കി
അപ്പോൾ കാതിൽ നിറഞ്ഞു
കല്ലറയിലേയ്ക്കുള്ള കാൽവെയ്പ്പ്
പള്ളിമേടയിലെ മണിമുഴക്കം
ഉയർത്തപ്പെട്ട കരങ്ങളെ
നെഞ്ചോട് ചേർത്ത്
ഞാൻ എന്റെ കണ്ണുകളടച്ചു.

# ചേർന്നിരിക്കുന്നവർ

പിന്നിട്ട വഴികളിലേയ്ക്ക്
ഒരിക്കലും നീ തിരിഞ്ഞുനോക്കരുത്
നടന്നുതീർത്ത വഴികളിലൂടെ
ഒരിക്കൽക്കൂടി നടക്കാൻ
നീ കൊതിയ്ക്കും
സഫലമാകാത്ത, സാക്ഷാത്ക്കരിക്കപ്പെടാത്ത
മറ്റൊരു മോഹം
നടന്നുതീർത്ത വഴികളിൽ
നീയറിയാതെ നിന്നോടൊപ്പം നടന്ന
എന്റെ കാൽപ്പാടുകൾ
നിന്റെ തിരികെപ്പോകലോടെ അനാഥമാകും
അതിനാൽ നമുക്കിനി ഒരുമിച്ച് നടക്കാം
ഒരു നാൾ നീ മരിക്കും. ഞാനും
എങ്കിൽ നമുക്കിനി ഒരുമിച്ചു മരിക്കാം.

## വേർപാട്

അവസാനം നാം കണ്ടുമുട്ടിയ
വഴിയേതായിരുന്നു?
അവസാനം നാം പറഞ്ഞ
വാക്കേതായിരുന്നു?
അവസാനം നാം കരംകോർത്ത
നിമിഷമേതായിരുന്നു?
അവസാനം നാം ഒരുമിച്ച് കണ്ട
സ്വപ്നമേതായിരുന്നു?
മറവിയുടെ ലോകത്ത്
അവ മാഞ്ഞുപോയിരിക്കുന്നു
എന്നാൽ ഒന്നറിയാം
അവസാനം വരെ നാം
ഒരുമിച്ച് ജീവിക്കുമെന്ന് !!

## കുമ്പസാരം

ഓരോ ദിവസത്തേയും കറകൾ
ഞാൻ അന്നുതന്നെ മായിയ്ക്കും
ശിരസിലൂടെ പതിക്കുന്ന
കുളിവെള്ളത്തിന്റെ ഒഴുക്കിൽ
അതിനാൽ പാപപരിഹാരം തേടി
പള്ളിമേടകളെയൊ പുണ്യനദികളെയൊ
തീർത്ഥസ്ഥലങ്ങളെയൊ
ഞാനൊരിക്കലും അശുദ്ധമാക്കിയില്ല
ഓരോ ദിവസവും കുളിമുറിയിൽ നിന്ന്
ഒഴുകിയകലുന്ന
വെള്ളത്തിൽ എന്റെ പാപങ്ങൾ
ഇല്ലാതായിരിക്കുന്നു.കാരണം
എന്നോടുതന്നെ ക്ഷമിക്കാൻ
എന്നെത്തന്നെ മറക്കാൻ
സാരമില്ല എന്ന് സ്വയം പറയാൻ
എനിയ്ക്ക് സാധിച്ചിരുന്നു.

## അതിർ വരമ്പുകൾ അലയുമ്പോൾ

ചിത്രകാരൻ തന്റെ ക്യാൻവാസിൽ
തിൻമയെ കറുപ്പുകൊണ്ടും
നന്മയെ വെളുപ്പുകൊണ്ടും
ചാലിച്ചെഴുതി
കറുപ്പ് എന്നും അന്ധകാരത്തെയും
വെളുപ്പ് പ്രകാശത്തെയും
പ്രതിനിധാനം ചെയ്തുകൊണ്ടിരുന്നു
എന്നാൽ ഇരുണ്ടവർ തെറ്റുചെയ്തവരും
വെളുത്തവർ പുണ്യവാന്മാരുമല്ലല്ലൊ
മനസിലെ
വെളുപ്പും കറുപ്പും തമ്മിലുള്ള ഏറ്റുമുട്ടലാവാം
ക്യാൻവാസിലെ നിറങ്ങൾ ചൂണ്ടിക്കാട്ടുക
ഇരുളിൽ നിൽക്കുന്നവർക്ക് എന്നും
വെളിച്ചമുള്ളവരെ കാണാം
എന്നാൽ വെട്ടത്തിൽ കുളിക്കുന്നവർക്ക്
ഇരുളിൽ പിടയുന്ന രൂപങ്ങളെ
ഒരിയ്ക്കലും കണ്ടെത്താനാവില്ലല്ലൊ

## മറവിയുടെ അധ്യായനം

എനിയ്ക്ക് കോപിക്കാൻ
നെഞ്ചിൽ നോവുണർത്തുന്ന
ഒരൊറ്റ കാരണം മതി
എന്നാൽ
ഹൃദയപൂർവ്വം ക്ഷമിക്കാൻ
ഒരായിരം കാരണങ്ങൾ ഉണ്ടായിരുന്നു
എന്നെ ക്ഷമിക്കാൻ പഠിപ്പിച്ചത്
ക്ഷമയുടെ നെല്ലിപടികളോളം
നടക്കാൻ കൂട്ടുവന്നത്
നിന്നിലെ ക്ഷമയുടെ ആഴമായിരുന്നു.

## ഇസ്തിരിയിടുന്നവർ

നീ എന്നെ മറന്ന നാൾ മുതൽ
ഞാൻ ഒന്നേ പ്രാർത്ഥിക്കാറുള്ളൂ
എന്റെ മരണത്തിന്റെ കാരണം
ഒരിയ്ക്കലും നീയാകരുതെ എന്ന്
അത്രമേൽ ഇന്നും ഞാൻ നിന്നെ സ്നേഹിക്കുന്നു
കന്നിപ്രേമം
കരിന്തിരികത്തിയതിനാലാവാം ഇങ്ങനെ
ഇനിയീ തിരി ഇടയ്ക്കിടെ തെളിയുകയും
അണയുകയും ചെയ്യും
ആരെങ്കിലും എണ്ണ പകർന്നാൽ
വീണ്ടും ഉണരും
അപ്പോൾ എന്റെ ഈ പ്രാർത്ഥന
ഒരു ദിനചര്യയാകും

## നെരിപ്പോട്

നീയാകുന്ന വെളുത്ത കടലാസിൽ
കറകൾ തീർത്ത് എന്റെ മഷിത്തുള്ളികൾ
മുഖത്തുനോക്കി പറയാൻ കഴിഞ്ഞതൊക്കെ
പറയാൻ ധൈര്യമില്ലാതിരുന്നതൊക്കെ
മനസിന്റെ തീചൂളയിലിട്ട് വാർത്തെടുക്കുന്ന
ശരങ്ങളായി ബാക്കിനിൽക്കുന്ന അക്ഷരങ്ങൾ
ആ ശരങ്ങൾ നിന്റെ മനസിൽ കുത്തിത്തുളച്ച്
നിന്റെ നെഞ്ചിൽനിന്നും ചുവപ്പ് നിറമുള്ള
ദ്രാവകങ്ങൾക്ക് ജന്മം നൽകുമെങ്കിൽ
എന്റെ ഈ അക്ഷരങ്ങൾ വിജയിച്ചിരിക്കുന്നു
അക്ഷരങ്ങൾ അനാഥരാക്കപ്പെടുന്നില്ല
വാക്കുകൾക്ക് മരണമില്ലാത്തിടത്തോളം
കവിത വന്ധ്യയാകാത്തിടത്തോളം.

## യുദ്ധമുഖങ്ങൾ

ഉന്തിയ കണ്ണും ഒട്ടിയ വയറുമായി
എന്റെ കുഞ്ഞുങ്ങൾ കണ്ണുകളുയർത്തി
ആകാശങ്ങളിലേയ്ക്ക്
ദൈവംതമ്പുരാനരികിലേയ്ക്ക്
അപ്പോൾ അവർ കണ്ടു
ഒലിവിലചുണ്ടിൽ തിരുകിയ സമാധാനപിറാക്കൾ
ദിശയറിയാതെ പറന്നകലുന്നത്
കണ്ണുകളിൽ കണ്ണുനീരിന്റെ നനവ്
എന്റെ കുഞ്ഞുങ്ങൾക്കായല്ല
അശാന്തിക്കിടയിലും സമാധാനത്തിനായി
കേഴുന്ന സമാധാനപ്രാക്കളുടെ മാഞ്ഞുകൊണ്ടിരിക്കുന്ന
ചിറകടികൾക്കായ്

## അക്ഷരങ്ങൾ പ്രണയിനികളാകുമ്പോൾ

ബ്ലാക്ക് ബോർഡിൽ വിരിയുന്ന വെളുത്ത അക്ഷരങ്ങൾ
ആത്മാവിന്റെ കൂരിരുളിനെയും വെളിച്ചമുള്ളതാക്കി
തന്റെ അഴകാർന്ന കറുത്ത മേനിയിൽ വിരിയുന്ന
വെളുപ്പിന്റെ നോവ് ഈ ബോർഡ് ഏറ്റുവാങ്ങുന്നത്
എനിയ്ക്കുവേണ്ടിയാണ്
സ്നേഹിച്ച് കൊതിതീരും മുമ്പെ അവയുടെ ചങ്കിൽനിന്ന്
അക്ഷരങ്ങൾ മായ്ക്കപ്പെടുന്നത് എന്റെ ഉയർച്ചയ്ക്കായാണ്
എനിയ്ക്കായി തുളയ്ക്കപ്പെടുന്ന,നോവേൽക്കുന്ന
തന്നെത്തന്നെ മറന്ന് എനിയ്ക്കായി ഇല്ലാതാവുന്ന
ബ്ലാക്ക്ബോർഡുകൾക്കായി എന്റെ മിഴി നനഞ്ഞിട്ടുണ്ട്
എന്നാൽ ബ്ലാക്ക്ബോർഡുകളുടെ സ്മൃതികളിൽ
വിസ്മരിക്കപ്പെട്ട ഒരു രൂപമുണ്ട്
ബ്ലാക്ക്ബോർഡിലെ അക്ഷരങ്ങളായി വിരിയാൻ
സ്വന്തം ശരീരം പകുത്ത് നൽകുന്ന
ചോക്കുകഷ്ണങ്ങളുടെ വെൺമയുള്ള രൂപം
എല്ലാ ഓർമകളും ഇങ്ങനെയാണ്
ഓർക്കേണ്ട പലതിനെയും മറവിയ്ക്ക് വിട്ടുകൊടുക്കുന്ന
മനസിന്റെ കേളികളുടെ ബാക്കിപത്രം.

## പെരുമ,പഴമ

അമ്മയുടെ ത്യാഗവും അച്ഛന്റെ സ്നേഹവും
പുരാവസ്തു ശാലകളിലെ
വാതിലുകളും ജനലുകളുമായി രൂപാന്തരപ്പെട്ടു
പുതിയതിനെ മാത്രം തിരയുന്ന കലികാലമല്ലെ
പഴയവർ നമ്മൾ പൊറുത്തു കൊൾക
അറിവില്ലായ്മ കൊണ്ടല്ല അവരുടെ
നെറിവില്ലായ്മയല്ലെ നാം ക്ഷമിച്ചീടുക
ഒരു നാൾ പുരാവസ്തുശേഖരവും
പഴയതായി കാലത്തിനു തോന്നിയേക്കാം
അതുവരെ നമുക്ക് ജീവിച്ചിരിക്കാം
പ്രാചീനതയുടെ അടയാളങ്ങളായി.

## ഐലാൻ.. കണ്ണീരുണങ്ങാതെ

നിന്റെ നെഞ്ചിൻകൂടിൻ മുകളിലൂടെ
കാലമിന്നും പായുന്ന കലാപകാരിയായ്
ക്രൂരദ്രംഷ്ടങ്ങൾ നീട്ടി
അസ്തമിച്ച നിൻ ഹൃദയത്തുടുപ്പിനെ
കൈകളിലേന്തിയോർ കാക്കട്ടെ നാടിനെ
ഹൃദയത്തുടുപ്പ് നിലച്ച നിൻ ജീവനെ
കടലോരത്തെഴുതിയ കഥയായ് നീയിനി
മാഞ്ഞുപോവരുതൊരുനാളും
കല്ലിൽ തീർത്ത കഥനകാവ്യമായി
കാലത്തിൻ നെഞ്ചിൽ നിലകൊൾക നീയെന്നും
അരിപ്രാക്കൾ അരിഞ്ഞുവീഴ്ത്തപ്പെടും നാൾ
ചിറകായ് പുനർജനിക്ക നീയിവിടെ
ഇരുളാൽ ഇളംകുരുന്ന് ഇനിയും ഇടറുമ്പോൾ
തെളിയുക നീ നിലാവെളിച്ചമായ് ഇവിടെ.

## സ്വരം മറന്ന വാനമ്പാടി

തിരിയുന്ന കാലചക്രത്തിനിടയിൽ
ഉരുകുന്ന മൗനമായ് നീയും ഞാനും
വേർപാടിനെ വിഴുങ്ങുന്നു
ഈ നിമിഷത്തേയ്ക്കായ് ബാക്കിവെച്ച
വാക്കുകൾ വീണ്ടും മൗനമായുറങ്ങി
ഉൺത്തെണ്ട
ആ മൗനമിനി ഉരിയാടട്ടെ
നാം പറയാൻ മറന്നതൊക്കെയും

## ഗർഭപാത്രമുടയുമ്പോൾ

മുറിച്ചുകളഞ്ഞത് വെറുമൊരു
അവയവം മാത്രമായിരുന്നില്ല
പൊക്കിൾക്കൊടിയിലൂടെ
മുളപൊട്ടിയ വിത്തുപാകിയ
സ്നേഹത്തിൻ മൺപാടമായിരുന്നു
നിശബ്ദമായ് തേങ്ങും നിമിഷങ്ങൾ
ഗർഭം ധരിച്ച കണ്ണീർപാടം
ഈറ്റുനോവിൽ തേങ്ങിയ
നൊമ്പരങ്ങൾക്കൊടുവിൽ
കുഞ്ഞിക്കാൽതൊട്ട ലോകം
മണ്ണില്ലാത്തതായിരുന്നു
മനസ്സില്ലാത്തതും
മുറിച്ചുമാറ്റപ്പെടുന്നതിൽ നിന്നും
ഇറ്റുവീഴും രക്തത്തുള്ളികൾ
മായ്ച്ചുകളയട്ടെ മാതൃത്വത്തെ
എന്നേയ്ക്കുമായ്

## ഒഴുക്ക് നിലയ്ക്കുന്നു

ചലനമറ്റ് മുന്നിൽ നിൽക്കുന്നതൊക്കെ
ഒരിയ്ക്കൽ ചലിച്ചിരുന്നവയാണ്
മുന്നിലൂടെ നടന്നു നീങ്ങിയപ്പോൾ
അവയ്ക്കായ് കൺതുറക്കപ്പെട്ടില്ല
എന്നാൽ ഇന്നവർ നിശ്ചലരായപ്പോൾ
അവയുടെ ചലനത്തിന്റെ വേഗം
നന്നായറിയുന്നു കാലം
ചലിക്കുന്ന രൂപങ്ങൾക്ക് പകരം
ചലനമറ്റ രൂപങ്ങൾ
കാലത്തിന്റെ കോലവും പേറി
അവർ നിശ്ചലരാക്കപ്പെടുമ്പോൾ
തച്ചുടയ്ക്കപ്പെടുന്ന കളിമൺശിലയായ്
നൈമഷികമായല്ലെന്നു മോഹങ്ങൾ
ജീവിതത്തിന്റെ വഴിവാതായനങ്ങൾ
വീണ്ടും കാറ്റിൽ അടയ്ക്കപ്പെടുന്നു
തുറക്കാനാവാത്ത വണ്ണം.

## മഷിത്തണ്ട്

വെട്ടിത്തിരുത്തിയ കടലാസുതുണ്ടിൽ നിന്നും
വീണ്ടും വികൃതരൂപങ്ങൾ പിറവിയെടുക്കുന്നു
എഴുതിയതൊന്നും തിരിച്ചറിയപ്പെടുന്നില്ല
അത്രമേൽ അവയിൽ നിപതിച്ചിരിക്കുന്നു
തിരുത്തലുകൾ മായ്ച്ച മഷിക്കറുപ്പ്
ചുരുട്ടിയെറിഞ്ഞ കടലാസു കഷണങ്ങൾ
അതുതന്നെയായിരുന്നില്ല
അവയ്ക്കുള്ളിലും സ്പന്ദിക്കുന്നുണ്ട്
ജീവനുള്ള കുറേ അക്ഷരങ്ങൾ
ആ അക്ഷരങ്ങൾക്കുള്ളിൽ
ചിഹ്നങ്ങളും ദീർഘങ്ങളുമായി
എന്റെ ആത്മാവും ഒപ്പം
നീ എന്ന സ്വപ്നവും

## യാന്ത്രികർ

ഇന്നലെ പെയ്തുതോർന്ന മഴയിൽ
മുളപൊട്ടിയ ആയിരം നാമ്പുകൾ
നാളെയൊരു പടുവൃക്ഷമാകാൻ
നൂറുകിളികൾക്ക  യമാകാൻ
ആശീർവദിച്ചയച്ച മൺകിനാക്കൾ
എങ്കിലും ഇന്നലെ മുളച്ച
നാൻപുകളുടെ അവശേഷിപ്പുകൾ
നാളത്തെ വെയിലിന്റെ ചൂടിൽ
മറ്റന്നാൾ മായും കാറ്റിന്റെ ഈണത്തിൽ
മാഞ്ഞുപോവും ബാക്കിവയ്ക്കാതെ
അല്പായുസ്സുകളായ സ്വപ്നങ്ങൾ
പ്രണയവും സ്നേഹവും കലഹവുമെല്ലാം
ഇങ്ങനെ മിന്നിമായും വെറും നാമ്പുകൾ

## ഉച്ചഭാഷിണി

മുഖം നഷ്ടപ്പെട്ടവരെ കാണാൻ
കണ്ണുപോരാ കാലത്തിന്റെ കണ്ണാടിവേണം
കണ്ണാടിയും പോരാ കരളിൽ കനിവുവേണം
നഷ്ടപ്പെട്ട മുഖത്തെ തിരികെ കിട്ടി
കണ്ണുണ്ടായിരുന്നില്ല കാഴ്ചകളും
കാതുണ്ടായിരുന്നില്ല സ്വരങ്ങളും
നാവ് മാത്രം രക്തം ചീറ്റിനിന്നു
മുഖം നഷ്ടപ്പെട്ട കോലത്തിൽ
മുഖംമൂടിയെ മറയ്ക്കാൻ മാത്രമായ്
കാമഭ്രാന്തമാം കാലത്തെ കാണേണ്ട
കണ്ണീരുണങ്ങിയ വാക്കിനെ കേൾക്കേണ്ട
പറയാൻ മറന്ന വരികളിലൂടെ
നാവുകൊണ്ട് നീ നിർദയം വധിക്കുക
കേൾക്കാനൊരുങ്ങാത്ത
കാത്തുനിൽക്കാത്ത ആ
കാതുകളെയെല്ലാം.

## അന്യമായ അടയാളങ്ങൾ

അനാഥമാക്കപ്പെട്ട അക്ഷരങ്ങൾക്ക് മുകളിലൂടെ
യാത്രതുടങ്ങിയപ്പോൾ കണ്ണുടക്കി
കാതു നടുങ്ങി മേനി ഇടറി
അക്ഷരക്കൂനയ്ക്കുള്ളിൽ
മറവി മയക്കിയ വ്യാകരണപിശാചുകൾ
വീണ്ടും ചുണ്ട് ചുവപ്പിച്ചുയർന്നുവന്നു
അഗ്നിക്കിരയായ വാക്കുകൾ
കൂർത്തനഖങ്ങൾകൊണ്ട്
വീണ്ടും വീണ്ടും ഇറ്റുവീഴിച്ചു
മനസ് കടഞ്ഞെടുത്ത
നേരിന്റെ രക്തത്തുള്ളികൾ

## ദുശകുനങ്ങൾ

മരിച്ചപ്പൊഴും തുറന്നിരിക്കുന്ന
നിന്റെ കണ്ണുകൾ
കനിവിന്റെ കണ്ണുനീർത്തുള്ളിക്കായ്
ദാഹിക്കുന്നു
കണ്ടുകൊതിതീരാത്ത ലോകത്തോട്
ഒരിറ്റുവെള്ളം ഇനിയും യാചിക്കുന്നു
മരിച്ചപ്പൊഴും
ഇറുക്കിപ്പിടിച്ച കൈകളിൽ
തഴമ്പിന്റെ തരിപ്പ്
തകർന്ന സ്വപ്നങ്ങളുടെ
അവശേഷിപ്പുകൾ.

# മിഴിനനയുമ്പോൾ

കണ്ണുകളിടയുമ്പോൾ കാഴ്ച്ചക്കാർ
കലഹം മാത്രം കാണുന്നു
കാണുന്നവർ അറിയാതെ
മനസറിയാതെ മസ്തിഷ്കമറിയാതെ
കണ്ണുകൾ കബളിപ്പിക്കുന്നു
കളവാവർത്തിക്കുന്നു
എല്ലാത്തിനുമൊടുവിൽ
രണ്ടുതുള്ളി കണ്ണീർകണങ്ങൾ
ഇറ്റുവീഴിച്ച് നിഷ്കളങ്കമായ്
അവ വീണ്ടും ഇരുപ്പുറപ്പിക്കും
പവിത്രതയുടെ പ്രതീകമായ്
എല്ലാംമായുമ്പോൾ അവയറിയും
വിരിഞ്ഞതൊക്കെ വെറും കലഹങ്ങളല്ല
മാഞ്ഞുപോയവ കാമം കൂടിയാണെന്ന്

## കുറുകെ

കപടതയുടെ കറുത്ത രൂപങ്ങളിൽ
കാരുണ്യലേശമില്ലാത്ത കുർബ്ബാനവസ്ത്രം
കറുത്ത നേരിന്റെ നെറികളെ ,കാമം
വെള്ളപുതപ്പിച്ച് തെക്കോട്ടുചായ്ച്ചു
വിഷം തീണ്ടിയ വിരൂപ ഛായകളിൽ
വിരുന്നിനെത്തുന്ന വിഷാദസന്ധ്യകൾ
കാലം കണ്ണാടിയിൽ കണ്ട കറുപ്പിനു നേരെ
കണ്ണുനീരിന്റെ നനവുകാണാതെ കാറിത്തുപ്പി
ഇറ്റുവീണ തുപ്പലുകളെ മുത്തുകളായ് കാക്കാൻ
ഇനിയുമൊരു ചരടുകൂടി ജപിക്കേണ്ടിയിരിക്കുന്നു
ആത്മാവിലും അഗ്നിസാക്ഷിയായ് ചാർത്തിയ താലിമേലും

## അടിക്കുറിപ്പ്

എഴുതിപൂർത്തിയാക്കിയതിനടിയിൽ
അറിയാതൊരു അടിവര വീണിരിക്കുന്നു
എന്നിട്ടും അതെന്തോ പൂർണമാക്കപ്പെടുന്നില്ല
തേഞ്ഞൊടിഞ്ഞ ജീവിതത്തിന്റെ നട്ടെല്ല്
നേർരേഖകളെ വെറുത്തുതുടങ്ങിയിരിക്കുന്നു
പിന്നെ നീയില്ലാത്ത രേഖകളിൽ
ഞാൻ മാത്രം എന്തിന് ശേഷിക്കണം
ഇനിയും ചൂണ്ടുവിരലുകൾക്ക് കാറിത്തുപ്പാൻ
ചുണ്ടുകൾക്ക് പഴിക്കാൻ

## വേരറക്കുന്നവർ

കുരുതികഴിക്കപ്പെട്ട പ്രണയത്തിന്റെ
ഇറ്റുവീണ രക്തം കുടിച്ച്
ദാഹം ശമിപ്പിക്കുന്ന ഈശ്വരന്മാർ
ഹൃദയങ്ങളെ പിഴിഞ്ഞ
ചോരയാണതിൽ നിറയെയും
ഞരമ്പുകൾ പിളർന്ന
പച്ചപ്പാണതിൻ പൊരുൾ
ഉന്നം തെറ്റിയ വെടിയുണ്ടയായി
കാലം നമുക്ക് പിറകെ പായുന്നു
ഇനി സാധ്യതകൾക്കിടമില്ല
എന്നെ നിന്റെ ചങ്കിൽതന്നെ
സംസ്കരിച്ചാലും

## വസന്ത നൊമ്പരം

നൊമ്പരത്തിപ്പൂവുകൾ പിന്നെയും
നുള്ളി നോവിക്കപ്പെടുന്നു
മുടികളിൽ ചൂടപ്പെടുന്നു
സായാഹ്നങ്ങളിൽ വലിച്ചെറിയപ്പെടുന്നു
ആരൊക്കെയൊ ചവിട്ടിയരയ്ക്കുന്നു
ഇനിയെങ്കിലും
നീർമാതളങ്ങൾ പൂക്കാതിരുന്നെങ്കിൽ
എന്റെ ദളങ്ങൾ
കൊഴിയാതിരിക്കുമായിരുന്നില്ലെ..

## ഒളിത്താവളം

ആവനാഴികൾ ശൂന്യമാവുമ്പോൾ
ചങ്കിൽ തറച്ച ഒരു അമ്പ്
വല്ലാതെ തേങ്ങുന്നു
അതിന് പ്രണയമായിരുന്നത്രെ
ഒടുവിലത്തേതായി തന്നെ
കാത്തുവച്ച
ആവനാഴിയുടെ അകംപൊരുളിനോട്.

## വഴിവാതായനങ്ങൾ

കൂട്ടക്ഷരങ്ങൾക്കിടയിൽപ്പോലും
വേർതിരിവിന്റെ മതിലുകൾക്ക്
ഉയരം കൂടിക്കൊണ്ടേയിരിക്കുന്നു
ഒരെ കടലിന്റെ ആഴങ്ങളിൽ നിന്നും
തിരമാലകളെന്ന പേരും പേറി
നാം രണ്ട് തീരങ്ങളെ തേടുന്നു
തമ്മിൽ നിന്നെന്തൊക്കെയോ വീണ്ടും
ഇറങ്ങിയോടുന്നു
എന്നിലും നിന്നിലുമായി
നാം ഇഴഞ്ഞ് നീങ്ങുന്നു
പ്രണയത്തിന്റെ തടവറകളിലേയ്ക്ക്

## സഹശയനം

സ്വപ്നങ്ങളുടെ ചൂടേറ്റ്
ഇതളുകൾ കരിഞ്ഞുണങ്ങുന്ന
കരിക്കട്ടകൊണ്ട് വരച്ച
ചുമർചിത്രങ്ങൾ
കരളിൽ
നിറമുള്ള ഉടുപ്പുകൾക്കായി
കലഹിക്കുന്നു
അക്ഷരങ്ങളിൽ മാത്രം
ഒതുങ്ങിയ വരികൾ
സ്പർശനങ്ങളെക്കൂടി
കൊതിച്ചിരുന്നുവത്രെ.

## ഉത്ഥിതനായ യൂദാസ്

യൂദാസ്...
എനിയ്ക്ക് നിന്നോട് പ്രണയമാണ്
നാളകളെക്കുറിച്ച്
നീ അത്രമേൽ ദുഖിതനായിരുന്നു
കൂടെനടന്നവരുടെ
എരിയുന്ന വയറിൻമേൽ
നീ എത്രമേൽ ശ്രദ്ധാലുവായിരുന്നു
അത്താഴ മേശയിൽ നിന്നും
ഇരുളിന്റെ പടികളിറങ്ങി നടന്നപ്പൊൾ
നിന്റെ കണ്ണുകൾ വെളിച്ചത്തെ
പരതിയിരുന്നില്ലെ...
മുപ്പത് വെള്ളിക്കാശിനെ അടക്കിപ്പിടിച്ചപ്പൊൾ
നിന്റെ കൈകൾ
വല്ലാതെ വിറങ്ങലിച്ചിരുന്നില്ലെ
ഒലിവ് തോട്ടത്തിലേയ്ക്ക്
നടന്നടുക്കുമ്പൊൾ
നിന്റെ പാദങ്ങൾ എന്തിനെന്നറിയാതെ
പതറിയിരുന്നില്ലെ
ചുംബനംകൊണ്ട് ഒരുവനെ ചൂണ്ടിക്കാട്ടിയപ്പൊൾ
നിന്റെ ചങ്കിലെയും ചോര
വിയർപ്പുതുള്ളികളായിരുന്നില്ലെ
പള്ളിമേടകളിൽ
പണസഞ്ചി വലിച്ചെറിഞ്ഞപ്പൊൾ
നീ വീണ്ടും
നിർമലനായി വ്യാഖ്യാനിക്കപ്പെടേണ്ടിയിരുന്നില്ലെ
ഒടുവിൽ ഒരു തൂക്കുകയറിൽ
സ്വയം ബലിയാടായപ്പൊൾ
നീ പുഞ്ചിരിക്കുകയായിരുന്നില്ലെ
കള്ളൻ പോലും നല്ലവനെന്ന്
വാഴ്ത്തപ്പെടുന്ന സുവിശേഷതാളിൽ

നിന്റെ പേരുകൾ അന്യം നിന്നിരിക്കുന്നു
കാലം ഇനിയും നിന്നെ
ഒറ്റുകാരനെന്ന് മുദ്രകുത്തുന്നു
യൂദാസ്....
എനിയ്ക്ക് നിന്നെ തിരിച്ചറിയാനാവും
ഞാൻ നിന്റെ അപരനാണ് അനുയാത്രികൻ
നിന്റെ തന്നെ നിഴലാണ് ഞാൻ
എന്റെ യാത്ര നിന്നിലൂടെയാണ്
അത് നിന്നിലേയ്ക്കാണ്
യൂദാസ്
എനിയ്ക്കിനിയും നിന്നോട്
പ്രണയമാണ്.

## തനിച്ചായ മരണം

മുറിഞ്ഞ ഞരമ്പിനിടയിൽ നിന്നും
അടർന്നുവീണ രക്തത്തുള്ളികൾ
ഒഴുകിയകന്ന ചുവപ്പ് ദ്രാവകം
എന്തിനെയൊക്കെയോ ഒഴിവാക്കിോ
കാരണമറിയാത്ത നോവുകളെ
ആരെന്നറിയാത്ത ശത്രുക്കളെ
അണപൊട്ടിയ അക്ഷരങ്ങളെ
വളർന്നുവന്ന മോഹങ്ങളെ
തിരിച്ചറിയാനാവാത്ത എന്നെത്തന്നെ
രക്തമൊഴുക്ക് നിലച്ചു
മുറിഞ്ഞ ഞരമ്പിൽ വീണ്ടും പച്ചപ്പ്
എന്നിട്ടും എവിടെയൊ വേദന
ആത്മാവിലോ..മനസിലൊ..
സ്വപ്നങ്ങളിലൊ....അറിയില്ല
അവ അജ്ഞാതം.

## വായിക്കപ്പെടാത്ത  ലിപികൾ

കാലം എനിയ്ക്ക് സമ്മാനിച്ചത്
അക്ഷരങ്ങളുടെ കാരാഗൃഹം
കാരാഗൃഹത്തിലൊ അഴികളാവാൻ
വിധിക്കപ്പെട്ടതൊ
എന്റെ ജീവനും ജീവിതവും
സ്വപ്നങ്ങളും
എങ്കിലും അക്ഷരങ്ങൾ
ആത്മാവിന്റെ കനലായി
അതിന്മേൽ ഞാൻ ബലിയായി
മനസിൽ മുറ്റിവന്ന അക്ഷരങ്ങളെ
മറവിയുടെ നീർക്കയങ്ങളിൽ
മുക്കിക്കൊല്ലാൻ
അക്ഷരം പഠിപ്പിച്ചവരുടെ ആജ്ഞ
ഇനി അക്ഷരങ്ങളെ കേൾക്കാതിരിക്കാൻ
കാതുകളും
അക്ഷരങ്ങളുടെ വെൺമ കാണാതിരിക്കാൻ
കണ്ണുകളും
തൂലികയിൽ മഷി പുരളാതിരിക്കാൻ
കൈകളും
അവർ ഛേദിച്ചു
പിറവികൊള്ളാതെപോയ അക്ഷരങ്ങൾക്കായ്
പൊഴിഞ്ഞ കണ്ണീർ
വാക്കുകളുടെ കറുപ്പിനെപ്പോലും
അലിയിച്ചു
ചിന്തയുടെ സ്പർശനം ഏൽക്കാതെ
എന്റെ അക്ഷരങ്ങൾ വീണ്ടും അനാഥരായി
എന്നിട്ടും അവ പ്രവഹിച്ചു
എന്റെ ശ്വാസത്തിലൂടെ
വളരുന്ന അക്ഷരജ്വാലകണ്ട ലോകം

എന്നിലെ ശ്വാസത്തെക്കൂടി കൊന്നു
തണുത്ത ശരീരത്തെ
കാലം ചിതയിൽ ആവാഹിച്ചു
വേവ് പാകമായപ്പൊൾ വയർ
വയർ നിറയുംവരെ ഭുജിച്ചു
എന്നെ കൊന്നെന്ന് നിങ്ങൾ
നിനയ്ക്കരുത്
ഞാനെ മരിച്ചുള്ളു
എന്റെ അക്ഷരങ്ങൾ ഇപ്പൊഴും
നിലനിൽക്കുന്നു
ചിതയിൽ ബാക്കിയായ ചാരത്തിൽ
ഇനിയാ ചാരത്തെ ദഹിപ്പിച്ചാലും.

# തെരുവ് വിളക്കുകൾ മയങ്ങുന്നു

തെളിഞ്ഞ ഞരമ്പുകളിൽ ആഴ്ന്നിറങ്ങുന്നു
അധികാരത്തിന്റെ മുൾനോവുകൾ
അപമാനത്തിന്റെ ആഴങ്ങളിൽ നീന്തിയലയുന്നു
നമിക്കപ്പെട്ട ശിരസുകൾ
മുറിയപ്പെട്ട ചുണ്ടുകളോട് കാലം കൽപ്പിക്കുന്നു
മാപ്പ് എന്നു കേഴാൻ
മണ്ണിൽ നടന്നു വളർന്ന പാദങ്ങളിൽ
തിളച്ചു വേവുന്ന തീക്കനൽ പാടം
സ്വസ്ഥമായുറങ്ങും മൺകൂനയിൽ വീണലിയുന്നു
കാറിത്തുപ്പലും പരിഹാസത്തിൻ പേ വിഷവും
രണ്ടറ്റത്തുനിന്നും ചുരുട്ടിയുയർത്തി കൂട്ടിത്തുന്നിയ
ജീവിതമാകുന്ന ഒറ്റയടിപ്പാതയ്ക്ക് നടുവിൽ
വെറും വട്ടപൂജ്യമായി മറയുന്നു
നീയും ഞാനും.

## തിരസ്കരിക്കുക നീ

മേൽവിലാസം നഷ്ടപ്പെട്ടവർ
മേൽ മേൽ നിലവിളിച്ചുകൊണ്ടിരുന്നു
ഇറക്കിവിട്ടത് വീട്ടിൽനിന്നു മാത്രമല്ല
മെനഞ്ഞെടുത്ത നിറമുള്ള
സ്വപ്നങ്ങൾക്ക് മുകളിൽ നിന്നുകൂടി
നഷ്ടപ്പെട്ട വിലാസങ്ങൾക്കൊക്കെ
മറ്റെന്തൊക്കെയോ പറയാനുണ്ടായിരുന്നു
പറയാനുള്ളതെല്ലാം മറന്നതാവാം
എല്ലാം കണ്ഠത്തിൽ ഒളിപ്പിച്ച്
അവ വീണ്ടും മൗനത്തിൽ ഉറങ്ങി
അടയപ്പെട്ട വാതിലുകൾക്കു മുന്നിൽ
കുനിയപ്പെട്ട ശിരസ്
ചെയ്യാത്ത പാതകങ്ങൾക്കൊക്കെ
മൗനമായ് വീണ്ടും മാപ്പിരന്നു
താഴ്ന്നുപോയ ശിരസിനെ താങ്ങിനിറുത്തും
കൈത്തണ്ടയുടെ കാരുണ്യത്തിന്
നന്ദി....

## വേഷപ്പകർച്ച

തത്വവും ആദർശവും കൈത്തിരി തിരയും ഇരുൾ
കൂർത്ത മുനകൾകൊണ്ട് ജീവിതമാം കടലാസിൽ
വീണ്ടും മുറിവിന്റെ ഓർമയായി,ചുവപ്പ്
പൊഴിഞ്ഞു വീണ് ചീഞ്ഞഴുകിയ ഇതളുകൾ
സഫലമാകാ മോഹങ്ങളായ് മാഞ്ഞിടും
അടച്ചിട്ട മുറികളിൽ നിന്നും
അടർന്നുവീണ വളകിലുക്കം
സഫലമാകാത്ത പ്രതീക്ഷകൾക്കുമേൽ
ശവമഞ്ചം തീർത്ത് വിലാപ ഗാനം പാടുന്നു
ഇറുത്തു ചൂടിയതൊന്നും
വെറുമൊരു മുല്ലപ്പൂവിൻ ഗന്ധമായിരുന്നില്ല
എന്റേതെന്നു കരുതിയ സ്വപ്നങ്ങളായിരുന്നു
ഇനിയാ സ്വപ്നങ്ങളെയും
നിന്റെ ശിരസ് പേറട്ടെ
ഓർമകളുടെ നഷ്ടകൂമ്പാരത്തിൽ

## അടയാളപ്പണികൾ

വായിക്കപ്പെടാതെപോയ ചുമരെഴുത്തുകളെ
കാലത്തിന്റെ കണ്ണാടിയിൽ പ്രതിഫലിപ്പിക്കാൻ
ഒരു ജന്മംകൂടി തരുമോ ഈ ജീവനിൽ
ആയുസ്സിന്റെ അരങ്ങൊഴിയും മുന്നേ
ദയനീയമായി വിതുമ്പും ഇന്നിന്റെ മിഴികൾ
നാളെ ക്രൂരതയുടെ കാഴ്ചകൾ തുറന്നുകാട്ടും
നിവൃത്തിയില്ലാതെ പൊഴിയും കണ്ണീർമഴ
നാളെപെയ്യും തീമഴയിൽ എണ്ണയായ് പകരും
അറ്റുപോയ കണ്ണികളെ കൂട്ടിവിളക്കാൻ
ചേർത്തുവയ്ക്കപ്പെട്ട കരങ്ങൾ
കായബലം മതിയാവാതെ കേഴുമ്പോൾ
ഇനിയും ഇവിടെ പിറക്കണം
ജീവിക്കാൻ മറന്നുപോയവർക്കായി
ജന്മം വ്യർത്ഥമാക്കപ്പെട്ടവർക്കായി

## വിധി

വരണ്ട തൊണ്ടയിൽ
വിടർന്ന പാടങ്ങൾ
വിയർപ്പുതുള്ളികളാകുന്നു
വിളവെടുപ്പ് എത്തിയിട്ടും
വിളകൊയ്യാൻ അണയാത്ത ലോകം
വിളഞ്ഞ കതിരിൽ വീണ്ടും പകരും
വിഷം തീണ്ടും നവീനതകൾ
വിടർന്നത് പടമല്ല
വിളഞ്ഞത് കതിരുമല്ല വാക്കാണ്
വിഷാദമായി അവ മയങ്ങട്ടെ
വിദൂരതയിലേയ്ക്ക് കാതുകൾ യാത്രയാകുമ്പോൾ
വിണ്ണിൽ ശോഭയായ് അവ വിരിയട്ടെ
വിലാപങ്ങൾക്ക് അർത്ഥമില്ലല്ലൊ
വാനിൽ നാദമായി മുഴങ്ങട്ടെ
വികലമായ കാലത്തെ കാണാതെ
വായ് തുറക്കരുത് അത്
വാക്കുകളെ പ്രസവിക്കും.

## അരങ്ങൊഴിയുമ്പോൾ

അറ്റുപോയ പൊക്കിൾക്കൊടിയിൽ നിന്നും
മുലക്കണ്ണ് തിരയുന്ന കുഞ്ഞിക്കൈകൾ
ഇന്നും തിരി നീട്ടുന്നു
താരാട്ടിനീണം പകരാതെ മാഞ്ഞ
മാതൃത്വത്തിന്റെ ഓർമകൾക്ക് മുന്നിൽ
കുഞ്ഞിക്കൈയ്യിൽ പകർന്നുകൊടുക്കാൻ
കല്ലറയുടെ കോണിലെ ചെടിയുടെ വേരിൽ
അമ്മ സ്നേഹം കൊടുത്തയച്ചിട്ടുണ്ടാവാം
അതും ചിതൽപ്പുറ്റ് വിരുന്നാക്കിയിട്ടുണ്ടാവാം
നൊമ്പരങ്ങളുടെ വേലിയേറ്റങ്ങളിൽ
തടയണയാവാൻ ഈ ഓർമകളും
മെഴുതിരി വെളിച്ചവും ഈ ചെടിയുടെ
പച്ചപ്പും മതിയാവാതെ വന്നാൽ.....

## ഭ്രാന്ത് ചങ്ങലയിലൊതുങ്ങുന്നില്ല

അതിർത്തികളും അതിർവരമ്പുകളും
ആർത്തിയോടെ വിഷം ചേർക്കുന്നു
പങ്കുവെയ്ക്കപ്പെടുന്ന ഭ്രാന്തിൽ
എഴുതിവയ്ക്കപ്പെട്ട അക്ഷരങ്ങൾക്ക്
തിരമാലകൈകളാൽ വിലാപഗാനം
ഭാവന വിരഞ്ഞ കാർമേഘങ്ങൾ
പെയ്തൊഴിയാത്ത മഴയായി പൊഴിയുന്നു
ഉള്ളിൽ ഉറങ്ങിയ കാരണവർ ഉണർന്നു
ഉറക്കം നടിച്ചവർക്കുനേരെ കാറിത്തുപ്പി
അക്ഷരങ്ങളെ നെഞ്ചോട് ചേർക്കാൻ
ആഴിയുടെ അഗാധങ്ങളെ തിരഞ്ഞിറങ്ങി
തിരമാലകൈകളിൽ കാരണവർ യാത്രയായി
അക്ഷരങ്ങളെ പുണർന്ന് കാരണവർ
ഇന്നും മയങ്ങുന്നുണ്ടാവാം
പേരിടാത്ത ഏതോ ലോകത്ത്.

## മർമ്മരങ്ങൾ

പിടിമുറുക്കിയ ചൂണ്ടക്കൊളുത്തിന്റെ ക്രൂരതയിൽ
പിടയ്ക്കുന്ന ശ്വാസകണികയുടെ മണിമുഴക്കം
അന്തിയുടെ അനന്തതയിൽ കൂടണയാൻ കൊതിക്കാത്ത
കിളികളുടെ മായുന്ന ചിറകടികൾ..മറയുന്ന നാദങ്ങൾ
പ്രതിരോധങ്ങളുടെ ഉൾവലിവുകളിൽ പിന്നെയും
പകച്ചുനിൽക്കുന്നു നനവുവറ്റിയ ചുണ്ടുകൾ
പിന്നെയും ഭൂമിയുടെ കറക്കത്തിനൊപ്പം തിരിയുന്നു
ഇടർച്ചകൾ,വീഴ്ചകൾ,ഉയർച്ചകൾ, മടങ്ങിവരവുകൾ
എന്നന്നേയ്ക്കുമായി പൂട്ടപ്പെട്ട മിഴികളിലെ
ഒടുവിലത്തെ മന്ത്രണം
ഇനിയും പിറക്കണം
മണ്ണിലല്ല... മനസിൽ

## ശസ്ത്രക്രിയ

ചുംബനം കൊതിച്ച ചുണ്ടിന് മുകളിൽ
ആഴ്ന്നിറങ്ങുന്ന ക്രൂരതയുടെ ദ്രംഷ്ടകൾ
തലോടൽ ഏൽക്കാൻ കൊതിച്ച ശിരസിനെ
ഇന്ന് ചിന്തയുടെ  നീലാകാശം പോലും അന്യം
സ്വപ്നങ്ങൾ നിരനിന്ന കണ്ണിൻ കറുപ്പിൽ
കണ്ണുനീരിന്റെ നനവ്
സ്വരങ്ങളും ശ്വാസനിശ്വാസങ്ങളും പോലും
എവിടെയോ യാത്രപോയി
എന്നിട്ടും നിലനിൽക്കുന്ന ജീവനിൽ
എന്തിനോവേണ്ടി മിടിക്കുന്ന ഹൃദയം
രതിയുടെ സംഹാര താണ്ഡവം
വേദനയില്ലാത്ത ആദ്യത്തെ ശസ്ത്രക്രിയ
അത് പ്രണയത്തിന്റേതാകുന്നു
ഒരിക്കലും ഉണങ്ങാത്ത മുറിവായി
എന്തിനോ ബാക്കിയാവുന്നു.

## അറിയപ്പെടുന്ന അസ്ഥിത്വങ്ങൾ

എത്രയധികം ഉറക്കിക്കിടത്തിയിട്ടും
അറിയാതെ ഉണർന്നെഴുന്നേൽക്കും
ആസക്തിയുടെ ശിലാപാളികളിൽ
ആഴത്തിൽ പതിഞ്ഞ അക്ഷരങ്ങളിൽ
ശിരസ്സ് നമിക്കപ്പെടുന്ന മോഹങ്ങൾ
തിരികെ നടക്കുന്നതും മടങ്ങുന്നതും
ന്യൂനതയുടെ ആഴികൈകളിലേയ്ക്ക്
എല്ലാം മറന്ന ഇരുട്ട് മുറിയിലും
മോഹങ്ങളുടെ വെള്ളിവെളിച്ചം
അവിടെയും നോവായി പൊടിപടലങ്ങൾ
ഇനി ഉയിർപ്പുകളില്ല..ഉറക്കം മാത്രം
സ്വപ്നങ്ങളില്ലാത്ത ഗാഢനിദ്ര

## പ്രതീക്ഷ

എത്ര ചേർത്തുനിർത്താൻ ശ്രമിച്ചിട്ടും
കൈക്കുമ്പിളിൽ നിന്നും കലഹിച്ച്
എവിടെയോ മായുന്ന ജലകണികകൾ
ചേർത്തുവയ്ക്കപ്പെട്ട വിരലുകളിൽ
അവ നേർത്ത ദ്വാരങ്ങൾ തീർക്കുന്നു
കൈക്കുമ്പിളിന്റെ സുരക്ഷയിൽ നിന്നും
മണ്ണിന്റെ മാറിലേയ്ക്കൊരു പലായനം
അവിടെ നിന്ന് ഭൂമിയുടെ മൂർദ്ധാവിലേയ്ക്ക്
നഷ്ടപ്പെടുന്ന ഓരോ തുള്ളിയിലും
ഉപ്പുരസത്തിന്റെ നനവ്..
അത് എന്റെ കണ്ണുനീരിന്റേതാവുന്നു
താഴെവീണുടഞ്ഞ ഈ മിഴിമുത്തുകളെ
ഒരിക്കൽക്കൂടിപെറുക്കിയെടുത്ത്
കൈത്തരിപ്പിൽ ഒതുക്കാനായെങ്കിൽ
അതിനുള്ളിൽ ഒരു ചെറുമീനിൻ
ഹൃദയം സ്പന്ദിച്ചുവെങ്കിൽ

## വാടിവീഴുന്നവർ

സ്വന്തമെന്ന് നിനച്ചിടത്തെല്ലാം
അന്ധതയുടെ ക്രൂരമായ വേരുതാഴ്ത്തൽ
ഏകാന്തതയുടെ വന്യമായ വിത്തുവിതയ്ക്കൽ
എണ്ണ വറ്റിയ വിളക്കിൽ
അന്ത്യവിശ്രമം കൊള്ളും തിരിനാളം
അർഹിക്കാത്തത്  പിന്നെയും ആശിക്കുന്നു
കരിന്തിരി കത്താൻ എങ്കിലും
ആയിരുന്നെങ്കിൽ...

## പുറപ്പാട്

ചുവപ്പിച്ച ചുണ്ടുകൾക്ക്
ചോരപ്പഴങ്ങളുടെ നിറമായിരുന്നു
എങ്കിലും അത് കാന്താരിയുടെ നോവായ്
കണ്ണുകളെ നനയ്ക്കുന്നു
ഉള്ളിൽ അലയടിക്കുന്നതിനൊക്കെ
കയ്പയ്ക്കയുടെ സ്വാദും
എന്നിട്ടും
തൊട്ടാവാടിയുടെ ജനിതകവും പേറി
വിദൂരതയിൽ നിന്നും ഒരു കാൽപ്പാട്.
ചുണ്ടിലെ ചുവപ്പിന്റെ ആഴം
ചുംബനത്താൽ വിഭജിക്കപ്പെടും
ഒപ്പം അനുവാദം ആരായാതെ
നെഞ്ചിലെ കയ്പും
തേടിവന്ന കാൽപാടുകൾ തിരികെ നടന്നു
വെറും കറിവേപ്പിലയായ്
വലിച്ചെറിയപ്പെടും ജീവിതങ്ങൾ.

## ഹൃദയരേണുക്കൾ

കാട്ടിൽ നിലച്ച കിളിക്കൊഞ്ചലുകളൊക്കെ
വീടിനുള്ളിൽ ചേക്കേറി കൂടുവച്ചു
ആരെയോ വിരുന്നിന് വിളിച്ചുകൊണ്ട്
അവ ചിലച്ചുകൊണ്ടേയിരുന്നു
അടയപ്പെട്ട വാതിലിനപ്പുറം പതിഞ്ഞ
വിരുന്നുകാരന്റെ പാദമുദ്രകൾ
ആദ്യം തിരിച്ചറിഞ്ഞ് അവ നാദം മുഴക്കി
വാതിലുകൾ തുറക്കപ്പെടുന്നു
വിരുന്നു മുറുകുന്നു
മറ്റൊരു പാദം പതിയും വരെ
കിളിനാദം അടയിരുപ്പ് തുടരുന്നു
ഭൂമിയുള്ളിടത്തോളം നിലനിൽക്കട്ടെ
ഈ കിളിക്കൊഞ്ചൽ എങ്കിലും

## ഊന്നു വടികൾ തളരുമ്പോൾ

ഒരു താലികൊണ്ടും സിന്ദൂരച്ചോപ്പ്കൊണ്ടും
സ്വന്തമായ് കിട്ടിയ എന്റേതു മാത്രമാം സ്ത്രീധനം
രണ്ടുകാലുകൾ വഴിനീളെ പിന്തുടരാൻ
രണ്ടുകൈകൾ എന്നും ചേർത്തുവയ്ക്കാൻ
ഒരു തോൾ തളരുമ്പോൾ ചാരിനിൽക്കാൻ
വാർധക്യത്തിന്റെ മഴയും കുളിരുമേറ്റ്
സിന്ദൂരത്തിന്റെ ചോപ്പ് അലിഞ്ഞു
ഇനി ബാക്കിയാവുന്നത് മൂന്ന് കാലുകൾ
രണ്ടെണ്ണം സ്വന്തം എന്ന് അഹങ്കരിക്കുമ്പോളും
മരണം വരെ അവയെ താങ്ങി നടത്താൻ
ഊന്നുവടിയാവുന്ന ഈ മൂന്നാംകാൽ
തുണചെയ്യണം

## പൂർണവിരാമം

അണയുന്ന തിരിനാളങ്ങൾക്ക് പിന്നിൽ
എണ്ണവറ്റിയ ഓർമകൾ
പിഴച്ച വാക്കുകളെ പഴിച്ച് നാവിൽ വീണ
കുരിശിൻ പാടുകൾ
നൊമ്പരങ്ങളായ് തോളിൽ വഹിക്കപ്പെടുന്ന
എത്ര വെള്ളപൂശിയിട്ടും
ഇരുണ്ടിടങ്ങൾ മറനീക്കി പുറത്തുവരുന്നു
നെറ്റിയിൽ പതിച്ച വിശുദ്ധതീർത്ഥം
മുറിവുകളിൽ ഉപ്പുനീരാം ലേപനമായ്
മടങ്ങിക്കൊള്ളുക
ആഴങ്ങളിലെ ഓളങ്ങളും അഴലിൻ രഥമേറി

## ബാക്കിയായ വാക്കുകൾ

വിഷയ ദാരിദ്ര്യംകൊണ്ട് മരിച്ചുവീണ കവിതകൾ
ഒറ്റപ്പെട്ടവന്റെ ഏകാന്തധ്യാനമായി
അക്ഷരങ്ങൾ ആത്മാവിലേയ്ക്ക് പ്രയാണം ചെയ്യുന്നു
പ്രതിഫലമായി വാക്കുകൾ ഒഴുകുന്നു
ചിന്തകൾ ഇതളൂർന്നു വീഴുന്നു
ജീവിതമാം സുമത്തിൽ വർണക്കൂട്ടിൽ നിന്ന്
അമൃതായി പകരാൻ ഒരുക്കിയ തൂലികകൾ
വിഷപാമ്പായി രൂപാന്തരം പ്രാപിക്കുന്നു
ഒറ്റപ്പെടുത്തിയ സാമൂഹ്യ നീതിക്കുമുന്നിൽ
ഇനിയാ വിഷം രുചിച്ചാലും
അതിന് അമൃതിനെക്കാൾ സ്വാദുണ്ട്.
സ്വാധീനവും..

## ഗൃഹാതുരം

കത്തിയടങ്ങിയ ചിതകളിൽ
തൊട്ടുരുമ്മിയെത്തിയ കാറ്റ്
ജീവനുണർത്തി മായുന്നു
മറന്നുമയങ്ങിയ ചാരത്തിൽ
പെട്ടിയിലടയ്ക്കപ്പെട്ടവർ
തിരിയാനും നിവരാനുമാവാതെ
വിയർപ്പൊഴുക്കുന്നു
നടന്നു പഴകിയ വഴികളിൽ
രക്തത്തിനും വിയർപ്പിനും
നിറം മങ്ങിമായുന്നു
സ്ഥാനങ്ങൾ അജ്ഞാതവും
രക്തക്കറ പുരണ്ട കല്ലുകളിൽ ചവിട്ടി
തീർത്ഥയാത്ര പിന്നാമ്പുറത്തേയ്ക്ക്
ജീവിച്ചുതീർത്ത ജീവിതത്തിലേയ്ക്ക്
ആണിതറച്ച പാലക്കൊമ്പിൽ
എരിഞ്ഞടങ്ങുന്ന സ്വപ്നങ്ങൾ
ഉറക്കെത്തുറന്നു ചിരിക്കുന്ന
ചുണ്ടുകളിൽ നിന്നുമടരുന്ന
കൊതിതീരാത്ത രക്തദാഹം
പേര് യക്ഷി എന്നല്ല.
പ്രണയം എന്നാകുന്നു.

## അലസം

ആകുല ചിന്തകളാകുന്ന ഉദ്യോഗത്തിൽ നിന്നും
അരനാഴിക അവധി
എങ്കിലും രാജിവയ്ക്കാനാവില്ല
പ്രായക്കോളത്തിന്റെ വലുപ്പം ഉയർന്നുവന്നു അതിനൊപ്പം
വേദനകൾക്കും സ്ഥാനക്കയറ്റം
ദിവസംതോറും കണ്ണീരിന്റെ രൂപത്തിൽ
മുടക്കമില്ലാതെ കിട്ടും ശമ്പളം
പെൻഷൻ അനുവദിക്കുന്നത് പോലും
മരണം എന്ന സ്ഥാനത്തു വച്ച്
ഈ സ്ഥാപനത്തിന്റെ ഉടമ ക്രൂരനാവുന്നു.

## നഷ്ടപ്പെടൽ

നഷ്ടപ്പെടുത്തിയതൊക്കെ നേടിയെടുത്തു
നെറ്റിയിലെ വിയർപ്പു തുള്ളികളാൽ തന്നെ
സമ്പത്ത് സ്ഥാനം കുടുംബം
ഈ പള്ളിയറയിൽ ശയിക്കുമ്പൊഴും
ആത്മസംതൃപ്തിയുടെ അപ്പകഷണങ്ങൾ
അന്യമായ് തന്നെ നിലകൊള്ളുന്നു
എന്തെന്നാൽ നഷ്ടപ്പെടുത്തിയതിൽ
നേടാൻ ഏറെകൊതിച്ചത് ഇന്നും വെറും സ്വപ്നം
അത് വിശ്വാസമാകുന്നു
ഒരിക്കൽ കാണാതായാൽ
തിരഞ്ഞുപിടിക്കുക അസാധ്യമാവുന്നു.

## നങ്കൂരമിടറുമ്പോൾ

ചേർന്നിരിക്കുവാനും ചേർത്തുനിറുത്തുവാനും
ചോരയാൽ ബന്ധിക്കപ്പെട്ടവർ നിരനിന്നിട്ടും
ജീവിതത്തിനെന്നും സുഖം ഭ്രമണശീലം
കലണ്ടറിലെ ചുവന്ന കോളങ്ങൾക്ക് മാത്രം
ചോരയുടെ നിറവും മണവും
രക്തബന്ധമില്ലാത്തവർ കർമ്മബന്ധങ്ങളാൽ
കൂട്ടിയിണക്കപ്പെടുന്നു
അഭിജ്ഞാതമാം വഴികളെ തിരയും
തീർത്ഥാടനത്തിൽ
പുഞ്ചിരിയാൽ പൂർണ്ണമാകും വഴിപാടുകൾ
പങ്കുവയ്ക്കലിനാൽ കഴിക്കപ്പെടും പൂജകൾ
ഇതാകുന്നു ജീവന്റെ ഏകകം.

# വൈകി വിരുന്നെത്തുന്നവർ

ഒഴുക്കു നിലച്ച നദീമുഖത്തിനിരുപുറം
ചിറക് നഷ്ടപ്പെട്ട് കേഴും ഇണകൾ
മോഹിച്ചതും കൊതിച്ചതുമൊക്കെ
നദിയിലെ നീർക്കുമിളകളായ് മായുന്നതും നോക്കി
ഈറനണിയും മിഴികൾ
ഇണയ്ക്കായ് കരുതിയ മധുരം
ചുണ്ടിൽ നീറുന്ന ഓർമയാകുന്നു
അകലങ്ങൾക്കിരുപുറങ്ങളിൽ
കണ്ണിമ ചിമ്മാതെ കൈമാറുന്ന
പ്രേമകാവ്യം
തിരിച്ചറിവിന്റെ നേരിൽ, നെറികേടിൽ
ഉയിർക്കൊള്ളും വിലാപകാവ്യം
വരികൾ നഷ്ടപ്പെട്ട കവിതയുടെ
ബാക്കിപത്രം

## വിടവ്

പേരും ഊരുമൊക്കെ കേവലം
ഉപശീർഷകങ്ങൾ മാത്രമായി
ചുരുക്കപ്പെടുന്നു
ശീർഷകം അതെന്നും
ജാതിക്കോളം തന്നെയാകുവുന്നു
വേർതിരിവിന്റെ വിശാലമായ ആകാശം
ഇനിയും ആകാശങ്ങളെ
ഒരുമിച്ചു ചേർക്കട്ടെ
ഉരുവിട്ട നാമങ്ങൾ
അകം പൊരുൾ തിരയട്ടെ

## സമാന്തര രേഖകൾ

നീയും ഞാനും കേവലം ഭിന്നിപ്പിന്റെ മുഖങ്ങൾ
നമ്മളും  നിങ്ങളും അതിന്റെ അനന്തതയും
സ്വകാര്യതകളിൽ നിന്ന് ഇതളൂർന്ന് വീണ
മലരുകളെയൊക്കെ വാടാതെ കാത്തുവയ്ക്കൂ
അവ നിന്നിൽ നാളെയുടെ
വീണക്കമ്പികളായ് മുറുകും
ഇന്നു നീ സുഖമായുറങ്ങൂ
വിയോജിപ്പിന്റെയും വിരഹത്തിന്റെയും
നോവിൽ നാളകൾ നിദ്രയറ്റ രാവുകളായേക്കാം.

## പിന്തുടർച്ചക്കാർ

പാതിവഴിയിൽ പിരിഞ്ഞ നിന്റെ പാദങ്ങളെ തിരക്കി
മണലാരണ്യത്തിൽ അലയുന്ന എന്റെ കാലടികൾ
പിന്തുടരുന്ന എന്റെ പാദങ്ങൾക്ക് അറിയുവാനാവാതെ
നിന്റെ കാൽപാദങ്ങൾ ,ഓർമകൾ വലിച്ചു നീക്കപ്പെട്ടു
അവശേഷിപ്പുകളൊന്നും ബാക്കിവയ്ക്കാതെ
എന്റെ കാൽവയ്പ്പുകൾ ഉറച്ചതാകുന്നു
അതെന്നും ഇവിടെ നിലനിൽക്കും ബാക്കിയാവും
തിരികെ നോക്കുമ്പോൾ
എന്റെ കാൽപാദങ്ങളിൽ കണ്ണുറപ്പിച്ചിരിക്കുന്ന
എണ്ണമറ്റ കണ്ണുകൾ
ഒരിക്കലും നിന്റെ കാലടികൾ പതിയാത്ത മണ്ണിൽ
ഞാൻ നിർത്താതെ തുടരുകയാണീ യാത്ര
എന്തെന്നാൽ ഈ യാത്രയ്ക്ക് വിരാമമിട്ടാൽ
എന്റെ പാദങ്ങളുടെ വഴിപിന്തുടരുന്ന
കണ്ണുകൾ അനാഥത്വത്തിൽ ആഴ്ത്തപ്പെടും.

## ഉടഞ്ഞ ചില്ലുകൾ

ആസക്തി ആക്രമണം തുടരുമ്പൊൾ
കൽപനകളുടെ ശിലാപാളികൾ
കടിഞ്ഞാൺ വലിയ്ക്കുന്നു
വീണ്ടും തിരികെ വിളിക്കുന്നു
എന്നിട്ടും നിറഞ്ഞ മിഴികളുടെ
ചാരുത പകർന്ന നോവിൽ
വീണ്ടും മൗനമിടറുന്നു
ഇത്തിരിയിടത്തെ ഇരുളിൽ
സൗരഭ്യം പരത്തും നിശാഗന്ധി
പിന്നെയും മടങ്ങിവരവ്
വെലിച്ചത്തിന്റെ ചട്ടക്കൂടിലേയ്ക്ക്
എന്നിട്ടും
നീതീകരിക്കപ്പെടാതെ പോയ എന്റെ മിഴികൾ

## പടിയിറക്കം

ചിറകരിഞ്ഞു വീഴ്ത്തപ്പെട്ട പറവകൾ
ഇഴഞ്ഞുതീർക്കാൻ വെമ്പുന്നു ജീവിതം
ചിറകുകൾക്ക് മുളപൊട്ടുമെന്ന ചിന്തയിൽ
ഉരുകിയൊഴുകുന്ന മെഴുതിരി നാളത്തിൻ
നൊമ്പരങ്ങളെ അയവിറക്കുന്ന തിരിക്കാൽ
എന്തെന്നില്ലാതെ പൊള്ളി വിയർക്കുന്നു
ഒടുവിലത്തെ മെഴുകും ഉരുകി
നാളം അണഞ്ഞു
ഇനി മരപ്പാവകണക്കെ ഇരുളിൽ അലയട്ടെ
ജീവിതങ്ങൾ

## അടുപ്പ് എരിയുമ്പോൾ

ഉരുവിട്ട് പഠിച്ച മന്ത്രങ്ങളൊക്കെ
ഉമിനീരിലലിഞ്ഞ്
രക്തത്തിൽ പ്രവഹിച്ചു
തുണയ്ക്കുമെന്ന് നിനച്ച്
വിളിച്ചുപഴകിയ നാമങ്ങൾ
പിന്നെയും അത് മാത്രമായൊതുങ്ങി
ഒഴുക്ക് നിലച്ച ജീവിത പ്രവാഹത്തിൽ
വെറും കുമിളകളായ് മാഞ്ഞു
വിശുദ്ധമെന്ന് നിനച്ച മന്ത്രങ്ങൾ
ശാപങ്ങളായ് പെയ്തൊഴിയുന്നു
എന്നിട്ടും വിളിക്കാൻ മറന്ന നാമം
വിജനതയിൽ വഴിവിളക്കായ്
കൂട്ടിനുവന്നു
അമ്മ.

## അത്രമാത്രം

നിസംഗതയുടെ കരുത്ത്
നിസഹായന്റെ അന്തർമുഖങ്ങളെ
വീണ്ടും ഛായാചിത്രങ്ങളാക്കി
അതിനടിയിൽ വീണ്ടും
അതേ നിസംഗത നിറഞ്ഞ
വാക്ക്
മാപ്പ്
അതുമല്ലെങ്കിൽ ആദരാഞ്ജലികൾ

## ഋതുമായുന്നു

വസന്തം നീട്ടിയ മലരുകളെല്ലാം
ചുംബിച്ചു
ശിശിരം കൊഴിച്ച ഇലകളെയെല്ലാം പുണർന്നു
ധനു കുളിർ പരത്തിയ മണ്ണിൽ മയങ്ങി
തുലാവർഷപെയ്ത്തിൻ ആരവത്തിൽ
നനഞ്ഞു
ചിങ്ങവെയിലിന്റെ വെളിച്ചത്തിൽ
കുളിച്ചു
എന്നിട്ടും
കർക്കിടകത്തിന്റെ കണ്ണീരിനുമുന്നിൽ
ചോദ്യചിഹ്നമായി നമിക്കപ്പെടുന്ന
ശിരസുകൾ.

## പരിണാമം

ചൂണ്ടമുള്ള് കുത്തിയിറങ്ങി
ചോരപൊടിഞ്ഞ ചങ്ക്
തുലാസിൽ നിന്ന് തുലാസിലേയ്ക്ക്
എറിയപ്പെടുന്ന ഭാരം
അവസാനതുള്ളി ഉപ്പുരസവും
ഉരിഞ്ഞ ചെതുമ്പൽ
അതിൽ അന്യമായതോ
ആഴിപ്പരപ്പിന്റെ അഗാധങ്ങൾ
എങ്കിലും ഒരു മുള്ള്
നിന്റെ തൊണ്ടയിൽ ബാക്കിയാവും
വിഴുങ്ങാനും
ഛർദിക്കാനുമാവാതെ
ഗദ്ഗദമായി..

# കിതപ്പ്

മറവി മോഷ്ടിച്ച മോഹങ്ങൾ തിരികെയെത്തി
ഒരിക്കലും സഫലമാകില്ല എന്നറിഞ്ഞിട്ടും
അവ വീണ്ടും ചേർത്തുനിർത്തപ്പെടുന്നു
ചങ്കിൽനിന്നുയരുന്ന സ്പന്ദനങ്ങൾക്കൊപ്പം
ദുർബലമായ് വിറയ്ക്കുന്ന കൈകളിൽ
അവ വീണ്ടും രക്തപ്രാവാഹമാകുന്നു
വിരക്തി കാർന്നു തിന്ന ഭക്ഷണ മേശകളിൽ
വിരുന്നുണരുന്നു സംഗീതമുണരുന്നു
പങ്കുവെയ്ക്കാൻ ആരുമില്ലാതിരുന്നിട്ടും
നൊമ്പരങ്ങൾക്കെന്തൊ ശമനം
എന്നിട്ടും ഛിന്നഭിന്നമാക്കപ്പെട്ട ചിന്തകൾ

## തിരികെ നടക്കുമ്പോൾ..

ചിതലുകൾ ഭുജിച്ച സുവിശേഷതാളുകൾ
അടയാളപ്പെടുന്നു എന്നന്നേയ്ക്കുമായി
എത്ര ഉരിഞ്ഞുമാറ്റാൻ തുനിഞ്ഞിട്ടും
ഒട്ടിനിന്ന് അരങ്ങുണരും വിദൂക്ഷകവേഷം
യുഗചേതനകളുടെ ഉയർന്ന നാദം
കണ്ണുനീരിന്റെ ചൂട്
ചുമരിൽ തൂങ്ങിയ ചില്ലിട്ട രൂപങ്ങളിൽ നിന്നും
മാടിവിളിക്കുന്ന കൈരേഖകൾ
ഇനി യാത്രയയപ്പ് തന്നാലും

## കാലാന്തരം

വെയിലും മഴയുമേറ്റ് നിറം മങ്ങിയ കുഞ്ഞുടുപ്പ്
അടർന്നു വീഴാറായ അയയിൽ തൂങ്ങിയാടുന്നു
ചെയ്യാതെപോയ ആത്മഹത്യയുടെ പ്രതീകം
അടുപ്പിനകത്തെ കരിക്കലങ്ങളോട് സല്ലപിച്ച്
വെൺമ നഷ്ടപ്പെട്ട മറ്റൊരടുപ്പ്
കാലം ചാർത്തിയ കരിമ്പൻപൊട്ടിൽ
സ്വന്തം ഛായ മറന്ന കുട്ടിപ്പാവാട
കാലം കാത്തുനിൽക്കാതെ കട്ടെടുത്ത
കണ്ണിൻ കീഴെ കറുപ്പായി വിരിഞ്ഞ  കൺമഷി
ചിതലുകൾ തിന്നുചീർത്ത് മാഞ്ഞ
ഓർമയുടെ അടിവേരുകൾ
ഓർത്തുവയ്ക്കാനൊന്നും എങ്ങും
ബാക്കിവയ്ക്കാതിരുന്നിട്ടും
കാലം മറവിയിൽ എല്ലാം  മായ്ച്ചിട്ടും
ബാല്യത്തിനെന്തൊ വല്ലാത്തൊരു വർണം

## ഓാംകാരം

ചിന്തയുടെ അഗ്നിയിൽ സ്ഫുടം ചെയ്ത്
ആശിർവദിച്ച് യാത്രയാക്കിയ അമ്പ്
അക്ഷരങ്ങളുടെ അമ്പ്
ഹൃദയങ്ങളിൽ തീയായ് പടരാൻ
കാലത്തേയും ചരിത്രത്തെയും ഭേദിക്കാൻ
എന്നിട്ടും ലക്ഷ്യം തെറ്റുന്നു
നനഞ്ഞ കടലാസ് അലിഞ്ഞുപോവുന്നു
വിമർശനങ്ങളുടെ വെയിലേറ്റ് വാടി.

## മുഖംമൂടികളിൽ

മുന്നിൽകണ്ടതൊ ചിരിച്ച മുഖവും
വിടർന്നു വിലസിയ കണ്ണുകളും
മറ്റൊന്നും തിരിച്ചറിയപ്പെടുന്നില്ല
മറയപ്പെട്ടിരുന്നതൊ
കഠിനമായ ഹൃദയത്തിൻ മിടിപ്പും
പൊയ്മുഖങ്ങളും
നീട്ടിയ കൈകളിൽ സ്വയം വിട്ട്കൊടുത്ത
സ്വപ്നങ്ങൾ
ചിന്നിചിതറുന്നു
ക്രൂരമായ കാൽച്ചുവടുകൾക്ക് കീഴെ
ഇനി സ്വസ്ഥമായുറങ്ങാം
കൂടെ സ്വപ്നങ്ങളില്ല പ്രതീക്ഷകളും
അവയെവിടെയൊ യാത്രപോയിരിക്കുന്നു.

## അക്ഷരങ്ങൾ അലറുന്നു.

മഷി തീർന്ന പേനയുടെ തലയറ്റം
തിരിഞ്ഞുനിന്ന് തറുതല പറയുന്നു
തന്തയ്ക്ക് വിളിയ്ക്കുന്നു
എത്ര കുടഞ്ഞ് വിളിച്ചിട്ടും
തെറിക്കാതെ പോയ മഷിത്തുള്ളികൾ
തെറികൊണ്ട് അഭിഷേകം ചെയ്യുന്നു
അതെ
തൂലിക ശബ്ദിച്ചു തുടങ്ങിയിരിക്കുന്നു.

## പരിഹാരപ്രദക്ഷണം

കൈകൾക്കുള്ളിൽ തേഞ്ഞുതീരും മുത്തുകൾ
പള്ളി നടകളിൽ പതിച്ച അസൂയയുടെ പാദങ്ങൾ
രൂപങ്ങളെ തൊട്ടുതൊഴുക ചോരമണക്കും കൈകൾ
ഒഴുകിയലയുന്ന സകലവിശുദ്ധരുടെയും ലുത്തിനിയ
നാവിൽനിന്നും സിരയിലേക്കൊഴുകും ഗോതമ്പപ്പം
എന്നിട്ടും നാവിൻതുമ്പിൽ നായിന്റെ മോനെന്ന പ്രാർത്ഥന
പുകയുയരാത്ത അടുപ്പ്
തെറിച്ച മക്കൾ
ഒടുവിൽ പഴിയേറ്റുവാങ്ങാൻ വിധിക്കപ്പെട്ടതൊ
വിധി എന്ന രണ്ടക്ഷരവും.

## വിദൂരതയിലേയ്ക്ക്

വരണ്ട പാടം പോലെ
എത്ര നീർ തേവിയിട്ടും
വിണ്ടുകീറിയ തൊണ്ട
വിളറിയ മേഘങ്ങൾ
ഉണങ്ങിയ ചുണ്ടുകൾ
വിഷം മുക്കിയ മൗനം
വിധി തകർത്ത മാനം
വിറങ്ങലിച്ച വാക്കുകൾ
സ്വരം നഷ്ടപ്പെട്ടവരുടെ
ഘോഷയാത്ര.

# ഛായാചിത്രം

വരച്ച് തീർത്ത നിറമുള്ള ചിത്രങ്ങൾക്കിടയിൽ
നിറം മങ്ങിയ ഒരു ചുവരെഴുത്ത്
തെളിയാതെ പോയ അക്ഷരങ്ങളിൽ
അറിയാതെ പോയ പ്രണയം
പറയാതെ പോയ സ്നേഹം
തിരിച്ചറിയാതിരുന്ന ഇഷ്ടം
വർണങ്ങൾക്കിടയിൽ അപഹാസ്യമായ
അക്ഷരങ്ങളെ മായ്ക്കാനാവുന്നില്ല
പുതുമ നഷ്ടപ്പെട്ട ചുമരെഴുത്തിനെ
വീണ്ടും ചേർത്തുനിറുത്തുന്നു
പായൽ പച്ചപ്പ്.

## പ്രണയം ദ്രംഷ്ടമാവുമ്പൊൾ

വലിച്ചുകീറിയ വസ്ത്രങ്ങളിൽ
അകന്നുപോയ ഇഴയടുപ്പുകൾ
പിരിഞ്ഞുപോയ പ്രണയത്തെ
അവ വീണ്ടും വിളിച്ചിരുത്തി
ഓർമയുടെ ചാരുകസേരയിൽ
കണ്ണീരുപ്പിട്ട് സംഭാരം വിളമ്പി
ജരാനരകൾ ബാധിച്ച പ്രണയത്തിന്
വിയർപ്പിന്റെ വാട
ചേറിന്റെ നിറം
അത് അധ്വാനത്തിന്റേതാവുന്നു
നഷ്ടപ്പെടലിന്റേതും.

## വിരഹം യാത്രയാവുന്നു

പ്രണയത്തിന്റെ പ്രളയകാലങ്ങൾക്കൊടുവിൽ
ഇതാ വിരഹത്തിന്റെ ശാന്തത
ജനലഴികളിൽ കൈകളുറപ്പിച്ച്
നിനക്കിതാ യാത്രയയപ്പ്
എന്റെ ഹൃദയത്തിന്റെ ഇരുണ്ടിടങ്ങളിൽ നിന്ന്
പ്രണയത്തിന്റെ ശ്രീകോവിലിൽ നിന്ന്
വിടപറഞ്ഞ്  പിരിയുന്ന നേരമെങ്കിലും
ഒന്ന് തുറന്നു പറഞ്ഞുവെങ്കിൽ
വരണ്ട ചുണ്ടുകൾ അരുതെന്ന് കൽപിക്കുന്നു
എന്നിട്ടും പറയാൻ കൊതിച്ചതൊക്കെ
മിഴികളിലൂടെ പെയ്തിറങ്ങുന്നു
മൗനമെ ഒന്ന് മയങ്ങുമോ
കണ്ണീരുകൊണ്ട് താരാട്ടുപാടാം
ഒന്ന് പിന്തിരിഞ്ഞ് നോക്കിയെങ്കിൽ
നീ തിരിച്ചറിയുമായിരുന്നു
ഇനിയും എന്തൊക്കെയൊ
തിരിച്ചറിയപ്പെടാനുണ്ടെന്ന്.

## കരിയിലയിളകുമ്പോൾ

മൗനമിഴപിരിയുന്ന രാവുകളിൽ
വിദൂരതയിലേയ്ക്ക് നീട്ടപ്പെടുന്ന
നിറഞ്ഞ മിഴികൾ
ഇലകൾ മർമ്മരം ചൊരിയുമ്പൊഴും
ഇരുളിൽ കാത്തിരിപ്പിന്റെ നിഴലാട്ടം
ആരവമൊഴിഞ്ഞ ഇത്തിരി നേരത്തിൽ
നിതാന്ത സ്വപ്നമായ് പ്രണയം
വഴിക്കണ്ണിൽ വിടവ് വീഴ്ത്തി
കാത്തിരുന്നവർ ഇടനാഴിയിൽ
അടയാളപ്പെടുന്ന വാതിലുകൾ
തുറക്കപ്പെടുന്ന ജനാലകൾ
ആ ഇലകൾ ഇനി പറയട്ടെ
കാത്തിരിപ്പിന്റെ നൊമ്പരം

## ശേഷക്രിയ

പൊട്ടിച്ചിതറിയ കണ്ണാടി
മുഖം നഷ്ടപ്പെട്ട എന്നെ
എന്നിൽനിന്നു തന്നെ മറച്ചു
എന്നന്നേയ്ക്കുമായി
സ്വയംവരപന്തലിൽ
സിന്ദൂരചോപ്പ് പകരാൻ
ആരും അണയാതിരുന്നിട്ടും
ഞാൻ സുമംഗലിയായി
ഞാനീ വായുവിനെ വരിച്ചിരിക്കുന്നു
ഈ ശ്വാസത്തെ സ്നേഹിക്കുന്നു
ഇതേ വായുവല്ലെ
എന്റെയും നിന്റെയും
പ്രാണൻ.

## ഹൃദയത്തിന്റെ ഇടനാഴിയിലൂടെ

നിസാരതകളോടും നിസഹായതകളോടും
തമ്മിൽ തല്ലി പിരിഞ്ഞു
ക്ഷണികതയോട് കലഹിച്ചു
നഷ്ടങ്ങൾക്ക് വിലപറയാൻ മറന്നു
പ്രണയത്തിന്റെ മൂടുപടം
വലിച്ചുനീക്കി ഒരു കാൽപ്പാട്
ഹൃദയവാതിലിനുള്ളിലൂടെ
ജീവിതത്തിലേയ്ക്ക്
പങ്കുവയ്ക്കപ്പെട്ട സ്വപ്നങ്ങൾ
നെഞ്ചിലെ ചൂട്
ഒടുവിൽ വിധിയുടെ വിളയാട്ടം
നിമ്നോന്നതങ്ങൾ നഷ്ടപ്പെട്ട
ഇ.സി.ജി രേഖയിൽ
തുടർച്ച നഷ്ടപ്പെട്ട മോഹങ്ങൾ
തകർന്നുപോയ പ്രതീക്ഷകൾ
അലിഞ്ഞുപോയ അക്ഷരങ്ങൾ
അടയപ്പെട്ട മിഴികൾ ഒടുവിലത്തെ ആശംസ
ശുഭരാത്രി സുഖനിദ്ര.

## സുക്ഷുപ്തി

മഴനനവിനായി കാത്തുകിടന്ന വിത്തുകൾ
ഇന്നിതാ മുളപൊട്ടിയിരിക്കുന്നു
ഇന്നലത്തെ ഇരുളിൽ എന്റെ മിഴികൾ
മേഘങ്ങളായി രൂപാന്തരം പ്രാപിച്ചിരിക്കുന്നു
അവ പൊഴിച്ച തുള്ളികളിൽ
തിങ്ങിനിറയുന്ന ഹരിതം
നാളെ വിളയുമാ വിളകൾ പറയും
ആ തുള്ളികളുടെ ആഴവും അനന്തതയും.

## അന്യോന്യം

അന്തിയുടെ ഇരുളിലും
പകലിന്റെ വെളിവിലും
അധ്നമായ് ഞാനലിഞ്ഞു
നിന്റെ ഹൃദയം തുറക്കാനുള്ള
താക്കോൽ പഴുതിനെ
അലഞ്ഞ് അവശമായ
പാദങ്ങൾ
ഒടുവിലൊരു തടവറയിൽ
സ്വയം ഒതുക്കപ്പെടുന്നു
നടന്നടുക്കാനാവാത്ത വിധം
നീയകന്നപ്പൊൾ ഞാനറിഞ്ഞ
നിന്നിലെ താഴിന്റെ
ആഴം തിരയേണ്ട താക്കോൽ
എന്റെ ഹൃദയമായിരുന്നെന്ന്.

## ഓർമച്ചെപ്പ്

കാലങ്ങളായി അടയപ്പെട്ടിരുന്ന പുസ്തകങ്ങൾ
കാറ്റിന്റെ മർമരത്താൽ കൺതുറക്കുന്നു
മറയപ്പെടുന്ന താളുകളിലൊക്കെയും
പറയാൻ മറന്ന ഇന്നലെകൾ
ഇടയിൽ എവിടെയൊ
ഈറ്റുനോവിന്റെ വേദനയായ് തേങ്ങും
പൂർണഗർഭിണിയായൊരു മയിൽപ്പീലി
പരിചരണമില്ലാതെ അവൾ പെറ്റിടുന്നു
ചാപിള്ളകളായ അക്ഷരങ്ങളെ
അത് വീണ്ടും വാക്കുകളായി വ്യാഖ്യാനിക്കുമ്പോൾ
നീയും ഞാനുമായി യാത്രപറയുന്നു നമ്മൾ.

## പ്രാർത്ഥന

ജഗദീശ്വരാ
നീയെനിയ്ക്ക് അനേകം യാമങ്ങൾ തന്നിട്ടും
അരനിമിഷം അടയുന്ന മിഴികൾക്കുള്ളിൽ മാത്രം
നിന്റെ രൂപം എന്നിൽ തെളിയുന്നു
നിന്നെ ഞാൻ ഓർമിക്കുന്നു ധ്യാനിക്കുന്നു
വീണ്ടും തുറക്കപ്പെടുന്ന മിഴികളിൽ
നീ മെനഞ്ഞ കാഴ്ചകളുടെ സൗന്ദര്യം അയവിറക്കുമ്പോൾ
നിന്നെ ഞാൻ മറവിയ്ക്ക് വീണ്ടുമിരയാക്കുന്നു
അപ്പോഴും പ്രിയമുള്ളൊരാളുടെ സാമിപ്യം
കൊതിക്കുന്ന എന്റെ മിഴികൾ
നീയെന്നെ ഒരു ദിവസത്തേയ്ക്ക് അന്ധനാക്കുക
കാഴ്ചകൾ അകന്ന എന്റെ കണ്ണുകൾ
അന്ന് നിന്നെമാത്രം തിരയട്ടെ
നിനക്കായ് അലയട്ടെ
നിന്റെ സാമീപ്യം ആശിക്കട്ടെ
നിന്റെ മടിയിൽ തലചായ്ച്ചിടട്ടെ.

## പേരറിയാത്തവർ

എനിയ്ക്കാരാവണം
എനിയ്ക്ക് നിന്റെ നിഴലാവണം
നീയറിയാതെ നിന്നെ പിന്തുടരാൻ
എനിയ്ക്ക് നിന്നിലെ ശ്വാസമാവണം
നിന്റെ ഹൃദയത്തിലേയ്ക്ക് പ്രവഹിക്കാൻ
എനിയ്ക്ക് നിന്നെ മൂടുന്ന പുതപ്പാവണം
നിന്നിലെ ശൈത്യങ്ങളെ കൊന്നൊടുക്കാൻ
എനിയ്ക്ക് നിന്റെ തലയിണയാവണം
നിന്റെ മിഴിനീരിന്റെ ആഴമറിയാൻ
വേണ്ട എനിയ്ക്ക് ഞാനായാൽ മതി
നീ ഒരുപാട് സ്നേഹിക്കുന്ന
നിന്റെ ഞാൻ
നിന്റെ മാത്രം ഞാൻ.

## പുഴുക്കുത്തേൽക്കുമ്പോൾ

ആർക്കോവേണ്ടി കാത്തുവച്ച സംഗീതം
ഇന്നും എന്റെ വീണക്കമ്പിയിൽ
സുഖമായി ഉറങ്ങുന്നു
എഴുതിപൂർത്തിയാക്കിയിട്ടും
മൂളാതെപോയ വരികൾ കൊതിക്കുന്നു
ശബ്ദത്തിന്റെ നിമ്നോന്നതങ്ങൾ
എന്റെ വീണക്കമ്പികൾ
പൊട്ടിത്തകർന്നിരിക്കുന്നു
അതിൽ നിന്റെ സംഗീതം
മരണപ്പെട്ടിരിക്കുന്നു
ഇനിയെഴുതുവാൻ വരികളില്ല
പകർത്താൻ വരകളും
വിടതന്നാലും

## മഴ മായുമ്പോൾ

ഈ മഴയിലെനിയ്ക്ക് നനയണം
വാനിൻ ഗർജനത്തിനൊപ്പം അലറണം
മിന്നൽവെളിച്ചത്തിൽ തിളങ്ങണം
കടലാസ്സുതോണിയേറി തുഴയണം
ഈ തണൽചോട്ടിൽ മയങ്ങണം
മണ്ണിൽ ചവിട്ടി നടക്കണം
വെറും മോഹങ്ങളാകുന്നിതൊക്കെയും
മോഹമായ് മായും മോഹങ്ങൾ മാത്രം
പെയ്യുവാനിനിയൊരു മഴനൂലുമില്ല
തോണി തുഴയുവാൻ നീരുമില്ല
തണൽകൈ വിരിയ്ക്കാൻ മരങ്ങളില്ല
നിന്റെ പാദം പതിയ്ക്കുവാൻ മണ്ണുമില്ല
ഇനി കണ്ണീരു കൊണ്ടൊരു പുഴ മെനയണം
അതിൽ ജീവിതമാം നൗകയേറി അലയണം
വികസനം തീർത്തൊരീ മരുഭൂവിൽ നിന്നും.

## തമ്മിൽ  തിരയുമ്പൊൾ

ശരീരത്തിന്റെ തുടിപ്പുകളെ
കീറിമുറിച്ച് പങ്കിടുമ്പോഴും
ആത്മാവിന്റെ സ്പന്ദനം
നീ എനിയ്ക്കായി
ബാക്കിവയ്ക്കുക
അതിൽ ഞാൻ പകരാം
നീ തന്ന സ്വപ്നങ്ങൾ
മോഹങ്ങൾ പ്രതീക്ഷകൾ
അവയിലിനി ജീവിക്കാം
നിന്നെ നഷ്ടപ്പെട്ട എനിക്കും
സ്വയം നഷ്ടപ്പെട്ട നിനക്കും

## മനസ്വിനി

ഓർമകളിലാകെ നിലാവ് പെയ്തിറങ്ങുന്നു
നിലാവെളിച്ചം മാത്രം നിറയുന്ന ശിരസെന്ന്
നീയതിനെ മുദ്രകുത്തുന്നു
ആ വെളിച്ചത്തിന്റെ ശോഭയിൽ
തൂലികയിൽ നിന്ന് അക്ഷരങ്ങളും
വർണങ്ങളിൽ നിന്ന് ചിത്രങ്ങളും
ഇതളൂർന്ന് വീഴുന്നു
അവയിൽ തെളിഞ്ഞ സർഗാത്മകതയ്ക്കൊ
നിന്റെ രൂപത്തോട് വല്ലാത്തൊരു സാമ്യം
ആ നിലാവിന്റെ വെളിച്ചം
നീ തന്നെയായിരുന്നെന്നു തോന്നുന്നു.

## തായ്‌വേര് തളരുന്നു

വരും ജന്മമൊരു വള്ളിച്ചെടിയാവണം
നിന്റെ ശിഖരത്തിലൂടെ
ഉയരങ്ങൾ കീഴടക്കണം
നിന്നിലൂടെ പടർന്നു പന്തലിക്കണം
നിന്റെ നെഞ്ചിൽ ചേർന്ന് നിന്ന് വളരണം
ഒരു കാറ്റിൻ മർമ്മരത്തിൽ
നീയറിയാതെ നിന്നെ ചുംബിക്കണം
ഒടുവിൽ നിന്റെ കാൽച്ചുവട്ടിൽ കിടന്ന്
മരണമെന്ന മന്ത്രം ജപിക്കണം
നിന്റെ വേരിൽ വളമായി
നിന്നോടൊത്ത് ശയിക്കണം
ഒടുവിൽ നീ മണ്ണിലലിയും വരെയും.

## അഹം

മറവിയാണ് ഏറ്റവും മഹത്തരമായ മരുന്ന്
ഓർമയെന്ന മുറിവിനെ ഉണക്കാനുള്ള മരുന്ന്
എല്ലാവരെയും മറകാകനായെങ്കിൽ
ആരെയും ഓർക്കാതിരുന്നെങ്കിൽ
എന്നിട്ടും എത്ര ശ്രമിച്ചിട്ടും
ഞാനെന്നെ വീണ്ടും ഓർത്തുപോകുന്നു
ഒരിക്കലും മറക്കാനാവാത്ത വിധം
ഞാനെന്നെ അത്രമേൽ സ്നേഹിക്കുന്നു
മരിക്കുവോളം ഈ യാത്രയിൽ
എന്റെ ശത്രു ഞാൻതന്നെയാവുന്നു
ഞാൻ എത്രയോ തവണ
എന്നെ ഉപേക്ഷിച്ചു കളഞ്ഞു
എന്നിട്ടും ഞാൻ എന്നെ
വീണ്ടും കീഴടക്കുന്നുവല്ലോ.

## മണ്ണപ്പം

ബാല്യമേ
നിന്റെ ചിരട്ടക്കലത്തിലെ
മണ്ണപ്പത്തിന് എന്റെ
സ്വപ്നത്തിന്റെ
രുചിയുണ്ടായിരുന്നു
പ്രണയത്തിന്റെ വാസനയും
പിന്നെ
ഒരു ബാല്യകാല സഖിയുടെ
വിയർപ്പിന്റെ ഉപ്പും.

## പെൺതിളക്കം (ഷീജ. എം)

പഴയൊരുപുലരിയിൽ പാറിപറക്കുവാൻ
പറ്റാതെപോയൊരാ പൊൻപറവകളെ
ഇരുളിന്റെ ഇടതോർന്നൊരാ ഇടനാഴികളിൽ
ഒറ്റക്കിരുന്നാരോ നിലവിളക്കെ
നീയാം അഗ്നിയിൽ നിന്നെരിയുന്ന കനലിൻ
വെളിച്ചമാണിവിടെയെന്നാരറിഞ്ഞു
തെളിയാതെ പൊലിഞ്ഞൊരാ മൺചിരാതി-
ലൂറിക്കിടക്കുന്നതാ കണ്ണുനീരോ
ഒരു കുഞ്ഞുപുലരിയിൽ വിരിയുവാനാവാതെ
പൊലിഞ്ഞതാ പെണ്ണിൻ വസന്തകാലം
പഴമയിൽ പെണ്ണിനെ പൂട്ടിപാഴ് വാതിൽ
പഴങ്കഥയായെങ്ങോ മറഞ്ഞുപോയി
നരജന്മമൊക്കെയും നയിക്കുന്നതിന്നു
നാരികളാണെന്നറിഞ്ഞിരുന്നോ
നല്ലൊരാ നാളയിൽ പൂക്കാനിരിക്കുന്ന
പൂക്കളിലത്രയും പെൺവസന്തം
പൂത്തൊരാ പൂക്കളും വിരിയാത്തമൊട്ടും
നാളത്തെ പുലരിതൻ പെൺതിളക്കം

## നരജന്മം (ജീഷ്മ ജെ.)

അമ്മയെന്നും ദേവിയെന്നും വിശേഷണത്താൽ
കീർത്തിമുദ്ര പതിപ്പിച്ചവൾ
ഇന്നിതാ അരുംകൊലകൾതൻ ഉടയോൾ
ഒരു ജീവൻ പിറന്നു വീഴുന്നത്
കണ്ടാസ്വദിച്ചിരുന്നവൾ ഇന്നിതാ
പ്രാണൻ പിടഞ്ഞു തീരുന്നതിൽ
ആനന്ദം കണ്ടെത്തുന്നു
സ്ത്രീയെന്ന രൂപത്തിൽ മറ്റൊരു മുഖം
കാണിച്ചവൾ നരജന്മമെന്ന്
വിശേഷിപ്പിക്കുവാൻ ആവതില്ലല്ലോ
അതിലും ഭയാനകം നിൻ ജന്മം.!!

## നല്ലൊരു മറവി (റോസ്മോൾ തോമസ്.)

മറവി എന്ന് നിന്നെ ആക്രമിച്ചു?
ഓർമ്മ എന്ന് നിന്നെ വിട്ടകന്നു
ചുവന്ന ഗോളത്തിന്റെ ചൂടിൽനിന്ന്
ഈ പച്ചഗ്രഹത്തെ കണ്ടനാളിൽ
ഞാൻ ആദ്യം മൗനം മറന്നുപോയി
പിന്നെ ഞാൻ ആ ലോകം മറന്നുപോയി
മുട്ടിലിഴഞ്ഞു നടന്ന കാലം
കട്ടിലിൽ മലർക്കാൻ മറന്നുപോയി
പല്ലുകളൊന്നൊന്നായ് വന്ന നാളിൽ
പാൽ നുകർന്നീടാൻ മറന്നുപോയി
തല ഉയർത്തിനിന്നതിൽ പിന്നെ
തറയിൽ നോക്കാൻ മറന്നുപോയി
ഇങ്ങനെ മറവികളിലൂടെ വളർന്നു
വളർന്ന് ഓർമ്മയെന്ന
അൾഷിമേഴ്സിലെത്തുന്ന ഭാഗ്യവാന്മാർ
ചിലരെല്ലാം ഇവിടെയുണ്ട്.
അവരുടെ പല്ലുകൾ വീണ്ടും കൊഴിയുന്നു
അവരിന്നു പിച്ചനടക്കുന്നു
വളരുന്ന ഓർമ്മതൻ ചെരുവിൽ
മറയാൻ കൊതിക്കുന്നു
മൈ ഡിയർ ഗ്രാൻപാ
മറവി നല്ലതല്ലേ?

## മഞ്ഞും പുകയും

മഞ്ഞും മഴയും ദൈവസൃഷ്ടിയാണ്
പുകയും മതവും മനുഷ്യസൃഷ്ടിയും
അവർ തേടിയത് മഞ്ഞിന്റെ കുളിരായിരുന്നു
മതം അവരെ കാട്ടിയത് തീയ്ക്കുമുമ്പുള്ള പുകയായിരുന്നു
വെയിലും തണലും ദൈവസൃഷ്ടിയാണ്
തീയും പകയും മനുഷ്യസൃഷ്ടിയും
തളിര് തേടിയത് വളരാനൽപം വെയിലായിരുന്നു
അവൾ തേടിയത് ഇരിക്കാനൽപം തണലായിരുന്നു
തീ കായാൻ തുടങ്ങിയ മനുഷ്യൻ
ആദ്യം മതം പറഞ്ഞു പിന്നെ ജാതിയും
പുക പരന്നപ്പോൾ
അവർ പകവീട്ടി
പിന്നെ മഴയില്ലാതായി തളിർകരിഞ്ഞു
തണലില്ലാതായി അവളുമറഞ്ഞു
വെയിലില്ലാതായി ഇരുളുപരന്നു
ഇനി നിന്നോട്
മഞ്ഞെന്നോർത്ത് പുകയിലും
വെയിലെന്നോർത്ത് തീയിലും
തണലെന്നോർത്ത് ഇരുളിലും
ചെന്നഭയം തേടാതിരിക്കുക
എല്ലാത്തിനെയും മാറിനിന്ന്
പഠിക്കാൻ ശ്രമിക്കുക

## രാഷ്ട്രം ഒരു ഉടമ്പടി

ഡൽഹിയല്ലേ പുകയുന്നത്
നമുക്കെന്ത് ആസ്മ?
വെട്ടിക്കോ മടിക്കാതെ
മരമല്ലെ തടയേണ്ട
പക്ഷെ സഹോദരാ
നിങ്ങളുടെ നാടിന്റെ തലയല്ലെ ഡൽഹി?
ബ്രെയിൻഡെത്ത് സംഭവിച്ചാൽ
ശരീരം ചീയില്ലെ?
അതിനുത്തരം പറഞ്ഞത്
കോർപ്പറേറ്റുകളായിരുന്നു
അവയവദാന ഉടമ്പടി നിങ്ങളുടെ
നേതാക്കൾ എന്നെ ഒപ്പിട്ടുതന്നിരിക്കുന്നു..!!

## ജഢാലയം

വെറ്റിലയും ചുണ്ണാമ്പും
നിന്റെ ചുണ്ടിലെ ചുവപ്പും
ചവച്ചു തുപ്പാനവനിഷ്ടമാണ്
അതെ
പച്ചയിൽ വെള്ളപുരട്ടി
ചുവപ്പ് പരത്തി കറുപ്പുതുപ്പുന്ന
കൊഴുത്ത പാമ്പുകൾ
അവർ ചുറ്റിവരിയുന്ന ജീവിത ചിത്രങ്ങൾ
അവർ കുത്തിവെയ്ക്കുന്ന ശൃംഗാര വർണ്ണങ്ങൾ
അതേറ്റ് ശരീരം ഉപേക്ഷിച്ച ആത്മാക്കൾ
അവരുടെ ആലയം വേശ്യാലയം
കുപ്പിയിലെ മത്സ്യമായ്
കുട്ടിയുടെ പമ്പരമായ്
കൂട്ടിലെ കിളിയായ്
തുടരുന്ന ഈ ജഢജിവിതം

## കവി പരിചയം

### അനിറ്റ കുര്യൻ

ആനന്ദശ്ശേരിൽ വീട്ടിൽ കുര്യന്റെയും ലില്ലിയുടേയും മകളായി ജനനം.പെരിഞ്ചാംകുട്ടി സ്വദേശിനിയാണ്. പാവനാത്മ കോളേജ് മുരിക്കാശ്ശേരിയിൽ മലയാളം ബിരുദം അവസാനവർഷ വിദ്യാർത്ഥിനിയാണ്.

### റോസ്‌മോൾ തോമസ്

കൊച്ചുനിരവത്ത് വീട്ടിൽ തോമസ്-ബീന ദമ്പതികളുടെ മകളായി ജനനം.മുരിക്കാശ്ശേരി സ്വദേശിനിയാണ്.പാവനാത്മ കോളേജ് മുരിക്കാശ്ശേരിയിൽ മലയാളം ബിരുദം അവസാനവർഷ വിദ്യാർത്ഥിനിയാണ്.

### ഷീജ മധു

കടരീക്കുന്നേൽ വീട്ടിൽ മധു-ഷീല ദമ്പതികളുടെ മകളായി ജനനം. വാഴത്തോപ്പ് സ്വദേശിനിയാണ്.പാവനാത്മ കോളേജ് മുരിക്കാശ്ശേരിയിൽ മലയാളം ബിരുദം അവസാനവർഷ വിദ്യാർത്ഥിനിയാണ്.

### ജീഷ്മ ജെ.

കാസർകോട് സ്വദേശിനി, ജോസഫ് -ലക്ഷ്മി ദമ്പതികളുടെ മകളായി ജനനം.പാവനാത്മ കോളേജ് മുരിക്കാശ്ശേരിയിൽ മലയാളം ബിരുദം ഒന്നാം

വർഷ വിദ്യാർത്ഥിനിയാണ്.